Mr. Parambi Lonappen *(Minister for Rural Development)*:

(*a*) Rs. 60—4—120 and a selection grade of Rs. 125—5—150 to the Senior-most Surgeons.

(*b*) Yes.

(*c*) Mr. A. A. Natesan, Officiating Additional Veterinary Surgeon, Trichur, Rs. 30 to be absorbed yearly towards the increments due till the actual pay comes to Rs. 90.

(*d*) No.

(*e*) Rs. 90.

(*f*) Yes.

(*g*) Yes.

(*h*) Each case will be considered on its own merit.

LIGHTING ARRANGEMENTS—TRIPPUNITTURA

160. മിസ്റ്റർ പി. നാരായണമേനോൻ:

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

യുദ്ധപരിതഃസ്ഥിതി നിമിത്തം ഇപ്പണിത്തുറെയുള്ള റോഡുകളിലും തെരുവുകളിലും നിത്തിവെച്ചിട്ടുള്ള വിളക്കുവെയ്പ് എന്നാണ് വീണ്ടും ആരംഭിക്കുക?

മിസ്റ്റർ പറമ്പിലോനപ്പൻ:

വിളക്കുകൾ കത്തിക്കുന്നതിനു മണ്ണെണ്ണക്കായിഫഡ് സപ്ലൈ ഡയറക്ടരുമായി എഴുത്തുകുത്തുകൾ നടത്തിവരുന്നുണ്ട്. മണ്ണെണ്ണ കിട്ടിത്തുടങ്ങിയാൽ വിളക്കുവെപ്പ് ആവത്തിക്കുന്നതാണ്.

NON-OFFICIAL BILLS

(The Cochin Verumpattamdars Act (Amendment) Bill

***Mr. P. Kumaran Ezhuthassan** *(Vadakkancheri)*: I rise to move that the Cochin Verumpattamdars Act (Amendment) Bill as amended at a previous Session *viz.*, the 23rd March, be taken up and finally passed.

In taking this motion I wish to make a few observations with a view to correctly appraise those of my Hon'ble colleagues of this House who are here for the first time as also for the benefit of those of my Hon'ble Colleagues who are technically laymen though I hold the view that a layman is one who understands law much better than the technically qualified lawyer because law after all is common sense and common-sense is greater amongst those not tec-, nically qualified section of humanity. Sir, the history of legislation to relieve distress of the actual cultivator of the soil is a very old one. From the non-official side of this House it started as early as 1111. Because of the strenuous opposition of the Government—the Government of those days—the attempts made by some of the representatives of the peasantry of the State had to die an unnatural death. From 1111 to 1114 we traverse, there is absolutely no attempt at agrarian legislation. In the budget session of 1114 a pronouncement from the August Chair in this House was made which expressed the real position of the Verumpattam cultivators of Cochin. It was said it was in the contemplation of the Government of Cochin to come forward of their own accord, willingly of ther own accord, with a Verumpattamdars Bill. There were some signi-ficant observations made at that time. The gist of those observations is that the idea of the Government coming out with a Verumpattandars Bill having rightly or wrongly leaked out one section of the Jenmies, had already begun to forestall the Government and its beneficial activities by converting normally inevitable tenures under the prospective law into one of the evictable type under the prospective law. Clever were they indeed. They succeeded verily over the man who fought with mother earth. True to their words, Sir, within a few month, in the legislative session, in 1115 I believe, it was in the first legislative meeting of 1115 that the promised Verumpattamdars Act was ready for being referred to a Select Committee by this House. Sir, at that time the destinies of the State were presided over by a Statesman Diwan in the person of Sir R. K. Shanmukham Chetty. Very beneficial provisions were there in that draft Bill. One of the most significant and very relevant clause in the Bill even at that stage, was that the Verumpattamdars Act whose draft was placed before this House for being sent to the Select Committee to consider in all its ramifications, was a clause, Sir, that to forestall that class on Jenmies whom I mentioned at the start. There was a provision to the effect that

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

retrospective effect to that bill be given not from the day on which it was placed before this House not from the early day on which the pronouncementwas made fr om that august Chair, but, from Kunbhom 1114 when the Government conceived the idea of the Bill. The Select Committee report was ready for consideration for the third meeting of the Legislative Session of 1115. We found the report placed in the provisional agenda that is generally being sent 14 days before and at times even later. The nature of the report was not of the type you now-a-days get from the Select Committee and not at all mutilated. All that was there and the draft was there and some additional safeguards favouring the tenant at the same time safeguarding the rightful interests of the Jenmis were also there. That was the sort of the Select Committee in those days. But unfortunately the Bill was not put down in the final agenda which led to an adjournment motions praying for a proclamation that suits in eviction will not be filed till the half-done Bill is passed into law. The prayer was that His Highness may be pleased to give us a Gracious Proclamation prohibiting suits in eviction against the tillers of the soil, the backbone of the State, till the Bill is passed into law. Then subtle method of dealing with such a question at times by the cleverer elements on the other side frustrated the point of the adjournment motion. It was stated by the then Government spokesman that the draft Bill as also the Select Committee report contains the retropective clause. What is there for you to fear? Where is the necessity for the Proclamation? Will not the Bill contain some identical retrospective clause when it is finally brought in? There was a bill from Meenam 1115 to Meenam 1117 when the Government, true to their promise was pleased to come forward with a Verumpattamdar's Act which in a modified form has gone to the Statute Book. That is Act number VIII of 1118 which I am seeking to get amended and I have almost succeeded. This Bill was considered on the 9th of February 1943. I am not going to bore you with any reading but to make just a pointed reference to one or two things. The Bill that was sent to the Select Committee contained provisions for self-cultivation. There was a pointed illustrative and instructive note of the Select Committee on that to the effect that as the experience of British Malabar whose Act contains this provision has clearly shown beyond a shadow of doubt that this right in the Jenmy which may on the face of it to the unwary eyes appear to be innocent is full of mischief if only it is not worked in the way and for the purpose for which those provisions were made in that Act. The opinion of the Select Committee, the competent Select Committee that considered that Bill was, because of the abuses actually seen by the experience of its working in British Malabar they do not propose to retain that clause. They reported against that and the firm stand that was taken by the Government on this aspect of the question at the consideration stage was perhaps one of the most singular, rare occasions on which they take a right stand and act on the side of the tenantry of the State. They stuck to that report, they fought for it and won surely with the co-operation of a section of this House which has been deliberately characterised by an Hon'ble Member of this House, who though not a Jenmy in the fullest sense of the term, all the same a Jenmyat least one having Jenmy feelings and with the co-operation of the tenantry minded section of this House the Government was able to win. Another attempt made, that is more relevant here, is there were as many as one hundred amendments tabled for that Bill which was looked at by the tenant-minded people as the Magna Charta of the tenantry. The earliest of those amendments were unfortunately thrown out by this House as also every other beneficial amendment to the benefit of the tenant was also thrown out and poor me had the misfortune to be the father of these disgraced amendments. The present amendment which has fortunately been advanced to the third stage was an amendment moved by poor me even in 1118 but was lost by the Government opposition in those days. But a happy change had come about the working of the machinery of the Government, I do not hesitate to use the word "Machinery" of the Government, and the Government spokesmen and the Select Committee had been pleased to join with the majority report that the purport of this amendment Bill be accepted, that is the incorporation of section 111 of the Transfer of Property Act of the State. The marginal note will tell you that that section in the Transfer of Property Act is "relief against forfeiture" that is if the tenant who on the statutory conditions of forfeiture which here is the non-payment of the settled pattom on the appropriate date when the forfeiture is incurred. the provision in the Tasnsfer of Property Act which is on the Statute Book is that the Courts of the State are to give relief against forfeiture incurred deposit of arrears is made at the hearing with costs of suit. But the peremptory provision in clause 8 of the Verumpattomdars Act is "that surrender be decreed." Now with the change in the working of the Government, the helpful and valuable change, the tenantry gloriously stand to gain to-day by being given the right to get a condonation of forfeiture on the payment on a particular date mentioned in the Amending Act of all the dues to the Jenmy in arrears with interest and if

LIBRARY ARCHIVES Kerala Legislative Assembly

necessary with costs. If all that is due to the Jenmy is deposited, the arrears in full with interest, this amending Act gives relief against forfeiture. His default is condoned and relief against forfeiture is granted. That is the main purport of this Bill. It was discussed in this House, clause after clause with various amendments of a nature very necessary from the stand point of the tenant, absolutely not harmful to the Jenmy. That is the position of the amendment tabled by me then. It is absolutely necessary for the actual enjoyment of the relief that was given as far as the tenant is concerned, never against the interests of any sort of Jenmies of the better class or the worse, I am not going to trouble you by reading it, you may refer to the Meenam proceedings of 1120 and you will grow wiser, not that you are not wise, to get the facts and figures and you will see in the heat and light in which those things were discussed. One of such amendments was that in clause 2 in this Bill which reads that this Bill comes into force at once. A proviso be added that the benefit of this Bill will be had to these tenant against whom decrees in eviction had been passed but luckily not executed actually and also to persons against whom suits in eviction are pending. An eminent writer, I am not going to give quotation because it may bore you, has described which is to this eviction as a shaft thrown on the heart of the emaciated body of the tenantry, the person of the tenantry concerned, not thrown from the front but from an unknown, unseen place. All this process is something indescribable. An eminent writer I believe it is Cardinal Man—an authority on questions affecting land that has said this. The Government of Cochin will do well to possess volumes of his writings so that each one of them may read and digest and react to it—Let them digest his sayings study and react to it by coming with an appropriate agregarian legislation of the desired type. What for? To help the tenantry; who is the tiller of the soil? What is his percentage? About 85 per cent or more of the 14 lakhs of the loving and loyal subjects of His Highness the Maharaja. For their benefit, let me request the Government of Cochin to study the literature; literature of the sort I mentioned and react by coming forward with proper legislation by the side of the tenantry but never against the Jenmi's rightful interests. Sir, the amendment to which I refered was to the effect that where decrees in eviction had been granted but fortunately not taken to the final stage, where execution has not been completed, where the tenant has not been driven away from his farm-land or from his home-stead, whatever it is, the benefit of this Act namely, relief against forfeiture, may be given if the tenant in such cases the claims of the jenmi decree-holder within a fixed period by a deposit say within two months, if necessary a lesser time, if within that specific time all those dues to the Jenmi are deposited then the benefit of the act. may also be extended to him. How modest it is! Can modesty go lower than this? Can reasonableness go higher than that? Absolutely necessary for the tenant and absolutely unharmful to the Jenmi.

Mr. President: I must remind the Hon'ble Member that he is moving the third reading of this Bill. So far as I have followed him the latter part of his speech seems to be pressing the merits of an amendment which was lost and which he is now seeking to move on the third reading. I am keeping an eye on the clock too.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I am speaking of the dad child. But Sir, there is a proverb in Malayalam "ചന്ദ്രകളഭിയുടെ ശതകം നോക്കാമെന്നോ?" No purpose. Many brilliant stars, possible or very good possibilities but all the same, where is the child? In the grave perhaps. That is a very intelligent saying. But all the same that is not a completely correct saying. Some sort of consolation it gives by that process. Though the amendment at that stage was thrown out, the benefit of that amendment we may attempt at having. Therefore, should I not make out a case for that amendment if allowed by the Diwan to move that amendment now at the third stage which is exceptional, but all the same provided by Standing Orders.

Mr. President: I understand the Hon'ble member has to ask for permission to move this amendment.

Mr. P. Kumaran Ezhuthassan *(Vadakkancheri):* My next step will be that, Sir.

Mr. President: Then I can spare him that trouble. Permission will not be granted.

Mr. P. Kumaran Ezhuthassan *(Vadakkanchei):* Thank you, Sir. Although the result of my request placed earlier and supplemented now is against me, I am still hopeful.

Now, Sir, I am deliberately refering to that lost child of mine—the lost amendment—with hope, sanguine hope and my sanguine hopes generally produce results. There is a place in Cochin which hears the moment the words are uttered here, the very words reach a certain place which is the fountain-head of justice and mercy in the State and a model to be copied by neighbours. That is the object Sir, in referring to the lost which is not allowed to be moved now.

LIBRARY ARCHIVES Kerala Legislative Assembly

I am confident that in that quarter my voice coming from the innermost recesses of my heart working on the side the misery of the tenantry, the alleviation of which is the sole life purpose of mine. These words are heard in that quarter and when these words are heard in that quarter, will not appropriate relief be given? Will not the tenantry be saved? Could they not be saved by a gracious Proclamation and will they not be thus served. I shall answer my own question, they will be saved. In the light of the ruling communicated to me by the President, the ruling of the Diwan which is the relevant thing under that Standing Order, I do not get the opportunity to move it. I am not sorry that I am not allowed to move it. I have moved the motion that the Bill be taken up and passed in law. That is the motion before the House. I am sure it will be duly reciprocated by the other section of the House including Government. And my endeavours in the line of getting permission to move the amendment lest on the previous occasion but on which I strongly feel, I have got encouragement for the line of future work that I have to follow to achieve the same purpose and that at the nearest day. If what I sanguinely hope from that fountain-head of justice, hope at the earliest opportunity to take it up further, will not be materialised, I will take the next appropriate step to get the benefit of such an amendment also. With that promise made on behalf of the tenantry of the State but never to injure the jenmies, I resume my seat with a request that this Bill be taken up and finally passed. I thank you, Sir, for your indulgence.

Mr. Puthur Achuta Menon *(Kattur):* I second it.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി: സർ, ഞാൻ ഈ ബില്ലിനെ എതിർത്തുകൊള്ളുന്നു. ഈ എതിർപ്പിന്റെ ആവശ്യം ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ ചത്തകുട്ടിയുടെ ജാതകംനോക്കിയപോലെ ചത്ത ആളെനോക്കിയുള്ള ഒരു കരച്ചിലായി കരുതാം. ഒന്നാമതു, ആദ്യമായി കൊച്ചീരാജ്യത്തിൽ വെറുമ്പാട്ടകുടിയാൻ നിയമമുണ്ടായതു് ഞാൻ ഹാജരായിരുന്ന ഈ കൌൺസിലിൽവെച്ചുതന്നെ ആണു്. അന്നത്തെ ആ ബില്ലിന്റെ ഉദ്ദേശം വെറുമ്പാട്ടക്കുടിയാനു് ഭൂമിയിൽ സ്ഥിരാവകാശംകൊടുത്തു അതോടുകൂടി ജന്മിക്കു ഒരു പ്രതിഫലം കൊടുക്കുക എന്നമട്ടിൽ ജന്മിക്കു അതാതുകാലത്തു പാട്ടംകൊടുക്കണം എന്നാണു്. ഇപ്പോൾ ഇവിടെ പറഞ്ഞുകേട്ടതു ജന്മിക്കുപാട്ടം കൊടുക്കണമെന്നുപറയുന്നുണ്ടെങ്കിലും പാട്ടം കൊടുക്കാതെ ഇരിക്കണം എന്ന അർത്ഥത്തിലാണു്. പാട്ടം കിട്ടണമെങ്കിൽ കോടതിയിൽ പോയി കേസുകൊടുക്കണം; അതിൽ പ്രതികൂലമായാൽ ഹൈകോർട്ടുവരെ അപ്പീലിനുപോകാം. വലിയൊരു കേസ്സാണെങ്കിൽ ജന്മി ഹൈക്കോർട്ടുവരെ വ്യവഹാരംനടത്താൻ പോയെന്നുവരാം. എന്നാൽ രണ്ടുരൂപായാണു് കിട്ടാനുള്ളതെങ്കിൽ അതിനുകേസ്സുകൊടുത്തു വിധി സമ്പാദിക്കാനായി എറണാകുളംവരെ പോകാമെന്നാരും വിചാരിക്കയില്ല. ഞാൻ പറയുന്നതു ഈ ബുദ്ധിമുട്ടൊന്നുംവേണ്ട, ജന്മിക്കു ഒരു സംഖ്യയിൽ കുറവു് ഫ 0—രൂപ എന്നു വെയ്ക്കുക, അതെങ്കിൽ ആരും പാട്ടംകൊടുക്കേണ്ടതില്ലെന്നു ഒരു നിയമം പാസ്സാക്കുകയാണു് നല്ലതെന്നാണു്. ഈ ഗവമ്മെണ്ടുതന്നെയാണു ആദ്യത്തെ നിയമംകൊണ്ടു കുടിയാനു സ്ഥിരാവകാശം കൊടുക്കുന്നതോടുകൂടിത്തന്നെ ജന്മിക്കു അതാതുകാലത്തു പാട്ടംകൊടുക്കണമെന്നും പറഞ്ഞിരുന്നതു്. എന്നാൽ ആ ഗവമ്മെണ്ടുതന്നെ ഇപ്പോൾപറയുന്നു ഈ അമെൻഡുമെന്റു് ഞങ്ങൾ അനുകൂലിക്കാൻപോകുന്നുവെന്നു. ഇങ്ങിനെ ഗവമ്മെണ്ടുതുടങ്ങിയാൽപിന്നെ ജനങ്ങൾക്കു എന്താണൊരുക്ഷ. ജനങ്ങളോടു ഉത്തരവാദിത്വഭരണം വേണമെന്നൊക്കെ പറയുന്നുണ്ടെങ്കിലും ഇന്നിവിടെ കേട്ടതു ഒരുത്തരവാദിത്വമില്ലായ്മയുമാണു്. ഞാൻ പറയുന്നതു ആക്കായാലും ഈ കൊടുക്കുക എന്നകാര്യം അതു ഇഷ്ടമില്ലാത്ത ഒരു കാര്യമാണെന്നാണു്. അതുകൊണ്ടു ഇനി നല്ലതു കൊടുക്കാതെ ഇരിക്കുന്നതിനുള്ള ഒരു നിയമമുണ്ടാക്കുകയാണു്. പിന്നെപറഞ്ഞുകേട്ട പാട്ടഭാരംകൊണ്ടു കൊച്ചിരാജ്യത്തിലെ കർഷക ലക്ഷങ്ങളുടെ നട്ടെല്ല ഒടിഞ്ഞുപോകുന്നുവെന്നു. ആരാണീരാജ്യത്തിൽ കർഷകർ? എന്താണു് അവരുടെ ജനസംഖ്യ? ഇതല്ലെ അറിയേണ്ടതു്. അപ്പോഴല്ലെ കർഷകർ എത്രയുണ്ടെന്നു അറിയുന്നതു്. ഫ ര ലക്ഷം ജനങ്ങളുള്ള കൊച്ചിയിൽ ആകെ എൺപത്തയ്യായിരം ആളുകളാണു് ഈ കൃഷിക്കാർ എന്നു ഇനത്തിലുൾപ്പെട്ടുന്നതായിൻ ര ഫ-ലെ സെൻസസ്സുപ്രകാരം കാണുന്നതു്. അതിൽ ഒട്ടുംതന്നെ കൃഷിചെയ്യാതെ പാട്ടം മേടിക്കുന്നവർ ഫ ര, ൦ ൦ ൦ ആളുകളുണ്ടു്. കൃഷിചെയ്യുന്നവരും പാട്ടം മേടിക്കുന്നവരുമായി ൨ ര, ൦ ൦ ൦ പേരുണ്ടു്. ഇങ്ങിനെ ജന്മികളും കുടിയാന്മാരുമുൾപ്പെടെ ആകെ വ ൪,൦ ൦ ൦ പേരാണു ആകെ കൃഷിക്കാർ. ഇവരാണു കൊച്ചിരാജ്യത്തിന്റെ നട്ടെല്ലു് എന്നുപറഞ്ഞാൽ അതുശരിയല്ല. ഇതിൽ ര, ൦ ൦ ൦ പേരാണത്രെ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥകൃഷിക്കാർ. അവരെക്കൊണ്ടു് പണിയെടുപ്പിച്ചാണത്രെ മറ്റുള്ളവരൊക്കെ കഴിയുന്നതു്. ഇതുപറഞ്ഞു ഇവിടത്തെ ഫ്ര ലക്ഷം ജനങ്ങളെ തമ്മിൽതല്ലിക്കാനൊരുങ്ങുകയാണെങ്കിൽ അടുത്തുകിടക്കുന്ന ഏതെങ്കിലും ഒരു രാജ്യംകൂടി ആക്രമിച്ചുപിടിച്ചെടുക്കയാണു് നല്ലതു്. പിന്നെ ഇവിടത്തെക്കാൾ കൂടുതൽ കൃഷിസ്ഥലം തിരുവിതാംകൂറിലുണ്ടു്. അവിടെ ഈ നട്ടെല്ലൊടിയുന്നകഥകളൊന്നും കേൾക്കുന്നില്ല. ഇനി പാട്ടബാക്കിവന്നവരെ എത്രപേരെയാണു് ഇതിന്നകം ഒഴിപ്പിച്ചിട്ടുള്ളതെന്നു് അറിയേണ്ടതാണു്. ഇവിടെ ഉത്തരവാദിത്വഭരണം വേണമെന്നുപറഞ്ഞുകേട്ടതു് ന്യൂനപക്ഷത്തിന്റെ താല്പര്യങ്ങളെ പരിരക്ഷിച്ചുകൊണ്ടുവേണമെന്നത്രെ. അങ്ങിനെയാണെങ്കിൽ ജന്മികൾ ന്യൂനപക്ഷമല്ലെ? ഞങ്ങൾ പറയുന്നതുംകൂടി ഗവമ്മെണ്ടുകേൾക്കണം. അതായതു ഭൂമി മുഴുവൻ ഗവമ്മെണ്ടിന്റേതാക്കണം. അതാണു് ശരി. വേണമെങ്കിൽ കേസുണ്ടായാൽ ആ സംഖ്യ ഗവമ്മെണ്ടുതന്നെ മേടിച്ചുകൊള്ളട്ടെ. പിന്നെ ജന്മികളെന്നുപറഞ്ഞാൽ എല്ലാപേരും ലക്ഷക്കണക്കിനുള്ള പാരാണെന്നത്രമില്ല. ചിലവിന്നുതന്നെതികയാത്ത ജന്മികൾ ധാരാളമുണ്ടു്. ചുരുക്കത്തിൽ പാട്ടം കിട്ടിയില്ലെന്നുപറഞ്ഞു കേസുകൊടുപ്പിക്കുന്നതിന്നാണു ഈ വക്കീലന്മാരുടെ ഉത്സാഹം. എന്റെ വസ്തുക്കൾ ൻ തവണ ആയിട്ടു പാട്ടംതരുന്നതിന്നുനിശ്ചയിച്ചാണു കൊടുത്തിട്ടുള്ളതു്. പാട്ടം ശരിക്കുതന്നിട്ടില്ലെങ്കിൽ ൻ തവണ എനിക്കു കേസുകൊടുക്കേണ്ടിവരും. പിന്നെ ഇനി കാണക്കുടിയാന്റെ കായ്മാണു്. എന്റെ ഭൂമികളിൽ വലിയൊരുഭാഗം കാണഭൂമികളാണു്. ഞാൻ അതു കുടിയാന്മാർക്കുപാട്ടത്തിനു കൊടുത്തിരിക്കയാണു്. ഈ പാട്ടക്കാർ എനിക്കുപാട്ടം തന്നില്ലെന്നുപറഞ്ഞു ഞാൻ കൊടുക്കേണ്ട കാണാവകാശം ഉടമസ്ഥനുകൊടുത്തില്ലെങ്കിൽ ഭൂമി എന്റേതല്ലാതായിത്തീരുന്നു. ചിലരുടെ പേടിപ്പിക്കൽ കേട്ടിട്ടു ഓരോരുത്തരുടെ ആവശ്യമനുസരിച്ചു ഗവമ്മെണ്ടുനിയമമുണ്ടാക്കാൻ തുടങ്ങുകയാണെങ്കിൽ, ഞാൻ പറയുന്ന ഈ പാട്ടം കൊടുക്കേണ്ട എന്ന ഒരു നിയമമുണ്ടാക്കയാണു് അതിലും നല്ലതെന്നു്. അങ്ങിനെ ഭൂമിയെസംബന്ധിച്ചു ഒരു വിളംബരമുണ്ടാക്കുകയാണാവശ്യം. അതിനു റഷ്യയിൽനിന്നോ, ബ്രിട്ടനിൽനിന്നോ എവിടെനിന്നാണെങ്കിലും വേണ്ടതില്ല, ആവശ്യമായ ആളുകളെ വരുത്തി ഭൂമിയെസംബന്ധിച്ചു ഒരു നിയമമുണ്ടാക്കയാണു് ഇങ്ങിനെ ഇടയ്ക്കിടയ്ക്കു കുറേശ്ശെകുറേശ്ശെയായി നിയമമുണ്ടാക്കുന്നതിലും നല്ലതു്. ഇന്നു കൊച്ചി ഗവമ്മെണ്ടുണ്ടാക്കുന്ന നിയമങ്ങൾക്കു വിലയില്ലെന്നുപറയുകയാണെങ്കിൽപിന്നെ ആ നിയമങ്ങൾകൊണ്ടുള്ള വില എന്താണെന്നു ഞാൻ ചോദിക്കുന്നു. പിന്നെ നെല്ലുകൊണ്ടുപോയികൊടുക്കാമെന്നുണ്ടെങ്കിൽ അതു പണമായിട്ടും അതുപോലെതന്നെകൊണ്ടുപോയികൊടുത്തുകൂടെ. എന്തിനാണു് മണിഓർഡറായി അയയ്ക്കുന്നതു്. എന്താണു അങ്ങിനെ കമ്മീഷണൻകൊടുക്കുന്നു.

വെമ്പാട്ടുകുടിയാൻബിൽ പാസ്സാക്കീട്ടു മൂന്നുകൊല്ലങ്ങളെ ആയിട്ടുള്ളൂ. അതിനിടയ്ക്കു ബില്ലിന്നു ര ഭേദഗതികൾ കൊണ്ടുവന്നുകഴിഞ്ഞു. എന്തിന്നു ഇങ്ങിനെ കുറേശ്ശെകുറേശ്ശെയായി ഭേദഗതികൾ കൊണ്ടുവരുന്നു. ഞങ്ങൾക്കു അതിനെ എതിർക്കുന്നതിനുള്ള ശക്തിയില്ല. ഗവമ്മെണ്ടു സഹായിക്കുകയും ഇല്ല. ഇവിടത്തെ ഈ നിയമത്തിൽ ഭേദഗതികൊണ്ടുവരുന്നവർ തിരുവിതാംകൂറിലെ സ്ഥിതി എന്തെന്നറിയുന്നില്ല. ഇന്നിവിടെ ഗവർമ്മെണ്ടു നെല്ലുമേടിക്കുന്നതു് ഫ ക. ന്യ ണ. ആയിട്ടാണു്. എന്നാൽ ഗവർമ്മെണ്ടിൽനിന്നു അതു് ഫ ക. വ്യ അണയ്ക്കാണു് വില്ക്കുന്നതു്. ഇങ്ങിനെ ചെയ്യുന്ന ഗവർമ്മെണ്ടിനെ എന്തുചെയ്യണമെന്നു ഞാൻ ചോദിക്കുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : നീക്കംചെയ്യണം.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി : അതു പിന്നെ ആലോചിക്കാം. നിങ്ങളുടെകൂടെ കൂടിയാൽ ഞങ്ങൾക്കെന്താണു് വരുന്നതെന്നു അറിഞ്ഞിട്ടുവേണം നിങ്ങളുടെ കൂടെ കൂടാൻ. ഗവമ്മെണ്ടു കൂടുതൽ വിലമേടിക്കുന്നതു കടത്തുകൂലിക്കാണെന്നു ഗവമ്മെണ്ടു സിക്രട്ടറി പറഞ്ഞു. എന്നാൽ ഗവർമ്മെണ്ടിന്നു മാത്രമെ ഈ കടത്തുകൂലി ആകുന്നുള്ളൂ. ഈ ഭേദഗതികൊണ്ടുവന്ന ബഹുമാനപ്പെട്ട മെമ്പർതന്നെ ഇതിന്നകം എത്ര വസ്തുക്കൾ ഒഴിപ്പിച്ചിട്ടുണ്ടു്?

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : എനിക്കു വസ്തുക്കളുണ്ടായിട്ടുവേണ്ടേ ഒഴിപ്പിക്കുവാൻ?

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി : എന്നാൽശരി യാതൊരു ഭൂമിയും ഇല്ലാത്തവക്കു പിന്നെ എന്തു നിയമം പാസ്സാക്കിയാൽ എന്താണു്? (ചിരി) ഏതായാലും എനിക്കുകുറച്ചു ഭൂമിയുണ്ടു്. അതിന്നു പാട്ടം കിട്ടണം. ഗവർമ്മേണ്ടിന്നു കരവും കൊടുക്കണം. ഇ

LIBRARY ARCHIVES Kerala Legislative Assembly

തൊക്കെ ആവശ്യമാണ്. അതൊന്നും പാടില്ലെന്നു കുറച്ചുപേർ ഒച്ചയെടുത്താൽ അവരെ പ്രീതിപ്പെടുത്താൻ വേണ്ടി ഗവർമ്മെണ്ടു തയ്യാറായാൽ കുറച്ചു കഴിയുമ്പോൾ അതിന്റെ അനുഭവം അറിയാമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

മിസ്റ്റർ കെ. ടി. അച്യുതൻ : സോഷ്യലിസം വന്നാൽ എന്തുചെയ്യും.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരി : അതപ്പോൾ അനേക്ഷിക്കാം. ഇന്നിപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി നിയമത്തിനേക്കാൾ എത്രയോ ഗൌരവമേറിയ കാര്യങ്ങൾ വേറെ ഉണ്ട്. ഇന്നിപ്പോൾ ആളുകൾ വീടുകൾ വാടകയ്ക്കുകൊടുക്കുന്നുണ്ട്. ഇപ്പോൾ ഒഴിപ്പിക്കാൻ ചില വിഷമങ്ങൾ ഉണ്ടെങ്കിലും യുദ്ധം കഴിഞ്ഞാൽ അവരെ ഒക്കെ ഒഴിപ്പിക്കും. അപ്പോൾ അവർക്കു കിടക്കുവാൻ വീടുകൾ വേണ്ടേ? കിടക്കുവാനുള്ള സ്ഥലമുണ്ടായിട്ടു വേണ്ടേ കുടിക്കുവാനുള്ള കാര്യംനോക്കാൻ. അങ്ങിനെ ആണെങ്കിൽ ഈ വീടുകൾ സ്ഥിരമായി ഒഴിപ്പിക്കാൻ പാടില്ലെന്നു എഴുതികൊണ്ടു ഒരു നിയമമുണ്ടാക്കിക്കൂടാ? അതൊന്നും ചെയ്യുന്നില്ല. ഈ ഭൂമിയെകുറിച്ചുള്ള നിയമങ്ങളെ കൊണ്ടുവരുന്നുള്ളൂ. ഇനികൊണ്ടുവരാൻ പോകുന്ന ഭേദഗതി പാട്ടംകൊടുത്താൽ മാത്രം മേടിക്കാം എന്നായിരിക്കും. പിന്നെ അവസാനം വരാൻപോകുന്നതു ഭൂമിമാത്രം ജന്മിയുടെതാണെന്നു പറയുക. ഇന്നു പട്ടാളക്കാരായി ഇവിടെ നിന്നു അന്യരാജ്യങ്ങളിലേക്കു ആളുകൾ പോയിട്ടുണ്ട്. അവർ തിരിച്ചു വരുന്നതുവരെ അവരുടെ ഭൂമിയെ സംബന്ധിച്ചുള്ള നടപടികളൊക്കെ നിറുത്തിവെച്ചിരിക്കുകയാണു. പിന്നെ ഇന്നലെപറഞ്ഞ ക്ഷേണവകുപ്പിലേക്കു കൊടുത്ത ഭൂമികളൊക്കെ കൃഷിചെയ്യാൻ എല്പിച്ചവരിൽനിന്നു തിരിച്ചെടുക്കണമെന്നു. അപ്പോൾ ഗവർമ്മെണ്ടു കൊടുത്ത ഭൂമികൾ ഒക്കെ ഒഴിപ്പിച്ചെടുക്കാൻ ഗവർമ്മെണ്ടിന്നവകാശമുണ്ട്. അതിനു ഗവർമ്മെണ്ടിനു ശക്തിയുണ്ടു. ശക്തിഇല്ലാത്തവർ കൊടുത്താൽ അതൊഴിപ്പിക്കാൻ പാടില്ല. ഗവർമ്മേണ്ടു പറയുന്നു ഗവർമ്മെണ്ടു ഭൂമി ഒഴിപ്പിക്കുന്നതു കൂടുതൽ കൃഷിവർദ്ധിപ്പിക്കാനായി പങ്കുവെച്ചു കൊടുക്കാനാണെന്നു. ഞങ്ങളും ഒഴിപ്പിക്കുന്നതു ഭൂമിമുഴുവൻ പങ്കുവെച്ചു പാട്ടത്തിനു കൊടുക്കുവാനാണു. വേണമെങ്കിൽ കമ്മ്യൂണൽ റൊട്ടേഷൻ അനുസരിച്ചു സ്റ്റാഫ്സെലക്ഷൻ തത്വപ്രകാരമനുസരിച്ചു തന്നെ പങ്കുവെച്ചുകൊടുത്തുകൊള്ളാം. (ഹിയർ ഹിയർ).

ഏതായാലും എനിക്കു പറയുവാനുള്ളതു മറ്റുള്ളവരുടെ വലിയ ഒച്ചകേട്ടു അവരുടെ പ്രീതിക്കുവേണ്ടി ഇത്തരം നിയമങ്ങൾ ഗവർമ്മേണ്ടു ഇവിടെ പാസ്സാക്കുകയാണെങ്കിൽ ഈ രാജ്യത്തിലെസ്ഥിതി ഭയങ്കരമായിരിക്കും. ഗവർമ്മെണ്ടു ജന്മികളുടെ സ്ഥിതിയെകുറിച്ചു ചിന്തിക്കുന്നില്ല. ഇന്നു കൊച്ചിരാജ്യത്തിലെ ഏറ്റവും വലിയജന്മി ഗവർമ്മെണ്ടുതന്നെയാണു.

Mr. President: May I know whether the Hon'ble Member wishes to continue his speech?

Mr. C. N. Ittiravi Nambudiri *(Land-holders):* Yes.

The House rose for lunch at 1-30 p.m. and re-assembled at 2-30 p.m. with the Hon'ble Deputy President in the chair.

*മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി : ഇപ്പോൾ ഈ ബില്ലിന്റെ പ്രധാനദോഷവശങ്ങളെകുറിച്ചു ഞാൻ ഇവിടെവിവരിച്ചു. എന്നാൽ ഇനിയൊന്നു പറയാനുള്ളതു, ഈ ബില്ലിനെ ഭേദഗതിചെയ്യണമെന്നു പറഞ്ഞു ഗവർമ്മേണ്ടു ഒരു കമ്മറിയെവെച്ചു. അതിനെപ്പറ്റി ചില അനേക്ഷണങ്ങൾ നടത്തി ഒടുവിൽ ഈ വെടിപ്പാട്ടക്കുടിയാൻ ബില്ലുകൊണ്ടു കൊച്ചിരാജ്യത്തു എന്തു സംഭവിച്ചു എന്നു കാട്ടുമായി എന്തെങ്കിലും ആരെങ്കിലും അനേക്ഷിച്ചിട്ടുണ്ടൊ. ഫ്ലോർ വന്ന ബില്ലിനു ഈ ചുരുങ്ങിയകാലത്തിനിടക്കു നാലുഭേദഗതികൾ വേണ്ടിവന്നു. ഓരോരുത്തർ ഓരോന്യായം പറയും, ചിലർ ചിലവക്കാലത്തു പിടിച്ചു പറയും. അതിന്നനുസരിച്ചു മാറ്റങ്ങളും വരുത്തും. ഇങ്ങിനെയാണെങ്കിൽ ഈ കമ്മിറ്റിയുടേയും മറ്റും അനേക്ഷണഫലം എന്താണു. അതിൽ ചിലവക്കീലന്മാർ ഉണ്ടായിരുന്നു. അവർ അവരുടെ ഭാഗത്തേക്കു ഗുണകരമായ ചിലഭേദഗതികൾ കൊണ്ടുവരും, അതു പാസ്സാക്കുക എന്നു വന്നാൽ അതു വക്കീലന്മാക്കു പണം കിട്ടാനുള്ള ഒരു വഴി എന്നു മാത്രമേ അർത്ഥമുള്ളൂ. ആ നിലക്കു ഇതു വക്കീലന്മാക്കുള്ള ഒരു ബില്ലാണൊ എന്നു ഞാൻ ചോദിക്കുന്നു. ഇനിയും വല്ല അനേക്ഷണം നടത്തുവാൻ ഒരു കമ്മിറ്റി രൂപീകരിക്കുകയാണെങ്കിൽ അതിൽ ഈ വക്കീലന്മാരെ അംഗങ്ങളാക്കരുതെന്നു ഞാൻ പറയുന്നു. കുടിയാന്മാരും ജന്മികളും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയായിരിക്കും നല്ലതു. ന്യായം നോക്കി കാര്യം പറയാൻ സാധിക്കുന്ന കുടിയാന്മാരേയും ജന്മികളേയും അംഗങ്ങളാക്കുകയാണു

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടതു്. ഈ ഭേദഗതിയെക്കുറിച്ചാലോചിക്കുമ്പോൾ ദിവസവും കേസ്സുണ്ടാകുവാനും തന്മൂലം വക്കീലന്മാക്കു് പണം സമ്പാദിക്കുവാനും ഒരു എളുപ്പവഴിയായിട്ടാണു് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്നു് തോന്നുന്നു. ഈ വില്ലേജു് കോർട്ടസും debt relief act-ം വന്നതിന്നു് ശേഷം വളരെ കേസ്സുകളും കുറഞ്ഞിട്ടുണ്ടു്. ഏഴായിരം എണ്ണായിരം ഒറിജനൽ സ്യൂട്ടുകളും ഉണ്ടായിരുന്ന കോടതികളിൽ എഴുന്നൂറും എണ്ണൂറുമായി കേസ്സുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടത്രെ. അപ്പോൾ ആ നിലക്കു് കേസ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ പറ്റിയ ഒരു വഴിയാണു് ഈത്തരം ഭേദഗതികളും വരുത്തൽ. അതുകൊണ്ടു് ഈ ബില്ലു് പാസ്സാക്കിയാൽ അതു് ഈ ഫർ ലക്ഷം ആളുകളുടെ ഗുണത്തിന്നു് വേണ്ടിയായിരിക്കയില്ല, നേരെമറിച്ചു് വക്കീലന്മാക്കു് വേണ്ടിയായിരിക്കുമെന്നാണു് എനിക്കു് പറയാനുള്ളതു്. ഞാൻ ഇതിനെപ്പറ്റി വാദിച്ചതുകൊണ്ടു എന്റെ വാദം ഗവർമ്മേണ്ടു് സ്വീകരിക്കുമെന്നു് എനിക്കു് ബോദ്ധ്യമില്ല. എങ്കിലും എനിക്കു് പറയാനുള്ളതു് പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഇത്തരംനിയമങ്ങളും വരുകയാണെങ്കിൽ, ഇങ്ങിനെയുള്ള നിയമങ്ങളും അഛന്മാർ കൊണ്ടുവരുകയാണെങ്കിൽ അതു് മക്കളും അനുഭവിക്കുകയല്ലാതെ എന്തുചെയ്യും! അതുകൊണ്ടു് എന്റെ ഈ വാദം, ഒരു നേരംപോക്കിനുള്ള പ്രസംഗമെന്ന നിലയിൽ തള്ളിക്കളയുകയാണെങ്കിൽ തള്ളിക്കളയട്ടെ; ഞാൻ നേരംപോക്കല്ല പറയുന്നതു്. ഗൌരവമായിട്ടു് ഗവർമ്മേണ്ടിനെ ഉൽബോധിപ്പിക്കുകയാണു്, ഇനി ആറുമാസം കഴിയുമ്പോൾ ഇനിയേറെയൊരു ബില്ലായിരിക്കും കൊണ്ടുവരാൻ പോകുന്നതു്. ഇനിയത്തെ സ്റ്റിറിങ്ങു് വരുമ്പോൾ, വേണെങ്കിൽ പങ്കുവാരത്തിന്റെ കാര്യമായിരിക്കും കൊണ്ടുവരുന്നതു്. ഏതെങ്കിലും ഒരു സ്ഥിരതവേണ്ടെ? പങ്കുവാരത്തിന്റെ വാദം കഴിഞ്ഞാൽ പിന്നെ കൊയ്ത്തിന്റെ കാര്യമായി. ഈ കൊയിത്തിന്നുള്ള അവകാശമൊക്കെ ഒരാൾക്കുതന്നെ കൊടുക്കണം, ഈ കൊയിത്തിന്നുള്ള അവകാശംമാത്രം ഇഷ്ടംപോലെ പണയം എഴുതുവാനൊ, തീവില്ക്കുവാനൊ സാധിക്കാവുന്ന വിധത്തിൽ ഒരു നിയമം ഉണ്ടാക്കണമെന്നാവശ്യപ്പെടുകയായി. ഇതൊക്കെ നടപ്പിൽ വരുത്താനാണു് ഭാവമെങ്കിൽ എന്താണു് ഇതിന്റെയെല്ലാം അർത്ഥം? ഭൂരിപക്ഷത്തിന്റെ വാദമാണെന്നുവെച്ചു് മാത്രം ഒരു കായ്മം നടപ്പാക്കിയാൽ അതിൽകായ്മയില്ല, അതിന്നർത്ഥമില്ല. ഇന്നിവിടെ മറ്റുള്ളവരെല്ലാംകൂടി പറയുകയാണെന്നു് വിചാരിക്കുക, ഈ ടെഷറി ബഞ്ചിൽ ഉള്ളവരെയെല്ലാം കഴുത്തിൽപിടിച്ചു് ഓരോരുത്തരെ തള്ളുക എന്നു് ആരെങ്കിലും അതു് ഭൂരിപക്ഷാഭിപ്രായമാണെന്നു് വെച്ചാൽ തന്നെയും സ്വീകായ്മായി കരുതുമോ? അതുകൊണ്ടു് ഇത്തരം ഭൂരിപക്ഷവാദങ്ങൾക്കു് എന്താണർത്ഥമെന്നു് ഞാൻ ചോദിക്കുന്നു. ഇതാണൊ ഉത്തരവാദിതഭരണം നടപ്പാക്കുവാൻ വിചാരിക്കുന്ന ഗവർമ്മേണ്ടിന്റെ ചുമതല. ഇത്തരം അനാവശ്യമായ ഭേദഗതികളും പാസ്സാക്കുവാനുള്ള ഒരു കൌൺസിലാണു് ഇവിടെയുള്ളതെങ്കിൽ, വേണ്ടാത്ത വ്യവഹാരങ്ങളും ഉണ്ടാക്കിത്തീർക്കുവാൻ പറ്റിയ നിയമങ്ങളും പാസ്സാക്കി കുഴപ്പങ്ങളും വരുത്തിപ്പിക്കുവാനുള്ള ഒരു ഏർപ്പാടായി ഈ കൌൺസിലിനെ ഉപയോഗപ്പെടുത്തുകയാണെങ്കിൽ ഇങ്ങിനെയുള്ള കൌൺസിൽ രാജ്യത്തിന്നാവശ്യമില്ല. നിരപരാധികളായ ജന്മികളേയും കുടിയാന്മാരേയും തമ്മിൽതല്ലിച്ചു് മറ്റുള്ളവർക്കുണ്ടു് ചിരിക്കുവാൻ ഇടയായിത്തീരുകയാണെങ്കിൽ അതു് വലിയ കഷ്ടമാണു്. അതുകൊണ്ടു് ഗവർമ്മേണ്ടു് എന്റെ വാദത്തെ സപ്പോർട്ടുചെയ്യുമെന്നു് എനിക്കുറപ്പില്ല. എങ്കിലും ഈ വാദത്തിന്റെ ന്യായവശത്തെക്കുറിച്ചു് ഈ ഹൌസ്സു് നല്ലപോലെ പര്യാലോചിക്കണമെന്നു് ഒന്നു കൂടി പ്രസ്താവിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറിയതു്: സർ, ഈ അമൻഡുമെൻറ്കൊണ്ടു കുടിയാന്മാക്കു യാതൊരു ഗുണവും സിദ്ധിക്കുവാനില്ല. എന്നല്ലാ നേരെമറിച്ചു അവക്കു നഷ്ടംക്രുടിയുണ്ടാക്കുകയാണു് ഈ അമൻഡുമെൻഡുകൊണ്ടുണ്ടാകുന്ന ഫലമെന്നാണെനിക്കു തോന്നുന്നതു്. ഞാനും ഒരു കുടിയാനാണു്. അന്യായം കൊടുത്താൽ ഹിയറിംഗ് സമയത്തു പണം കെട്ടിവെച്ചാൽ വസ്തു ഒഴിവാക്കുകയില്ല; അതുകൊണ്ടു ഈ ഭേദഗതി ഗുണമാണു് എന്നൊക്കെ പ്രഥമദൃഷ്ടിയിൽ തോന്നും. അവുധിക്കു പാട്ടം കൊടുക്കാതെ അന്യായം കൊടുത്തതിനുശേഷം പണം കെട്ടിവെയ്ക്കുന്നതുകൊണ്ടു കുടിയാന്മാക്കു യാതൊരു വിശേഷാൽ ഗുണവും വരാനില്ല. വിചാരണയ്ക്കിടയ്ക്കു കിട്ടുന്നകുറച്ചു ദിവസംമാത്രമാണു് ഇതിൽനിന്നുള്ള ലാഭം. എന്നാൽ നഷ്ടമൊ, ജന്മിയുടേയും തന്റേയും കോടതിച്ചിലവുമാണു്.

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നു മാസമായിട്ടും പാട്ടം കൊടുക്കാനില്ലത്തെ ഒരു കുടിയാനു കേസു കൊടുത്തുകഴിഞ്ഞാൽ പെട്ടെന്നു പണം അടയ്ക്കുവാൻ സാധിക്കുന്നതെങ്ങിനെ ആണെന്നു ഞാൻ ചോദിക്കുന്നു. ദൈവഗത്യാ ഉണ്ടാകാവുന്ന വിള നഷ്ടത്താലാണു പാട്ടം കൊടുക്കാൻ സാധിക്കാതെ വന്നതെങ്കിൽ ഈ അന്യായം കെട്ടിവെയ്ക്കുന്നതുകൊണ്ടുള്ള ഫലം എന്താണ്. കുറെക്കൂടി സമയം സമ്പാദിക്കലാണു ആ പാട്ടം തീർക്കാനായി ഉദ്ദേശ്യമെങ്കിൽ, ഇന്നുള്ള സമയ വ്യവസ്ഥയിൽനിന്നു കുറെക്കൂടി നീട്ടികൊടുക്കുകയല്ലെ ആവശ്യം. ആ അഭിപ്രായക്കാരനാണു ഞാൻ. പാട്ടബാക്കിക്കു അന്യായം കൊടുത്താലും സംഖ്യ കെട്ടിവെച്ചാൽ വസ്തു ഒഴിവാക്കാതെ ഇരിക്കുമെന്നായാൽ, പാട്ടം അടയ്ക്കുണ്ട ഗഡുവുകളിൽ കയ്യിൽ പണമുണ്ടെങ്കിൽതന്നെ പാട്ടം അടയ്ക്കുകയില്ല. എന്നാൽ അവധിക്കു തീർത്തില്ലെങ്കിൽ തന്റെ കൈവശമുള്ള ഭൂമിയുടെ സ്ഥിരാവകാശം നഷ്ടപ്പെടുമെന്നുവന്നാൽ വസ്തു ഉടമസ്ഥനു ജാഗ്രതയായി പാട്ടം കൊടുക്കുന്നതിനു ആ ഭയപ്പെടുത്തൽ ഉപകാരപ്രദമായിരിക്കും. ജന്മികുടിയാന്മാർ തമ്മിൽ അനാവശ്യമായ വ്യവഹാരങ്ങൾക്കുടാതെ കഴിക്കുന്നതിനും നിശ്ചയിച്ച പാട്ടം വസ്തു ഉടമസ്ഥനു കിട്ടുന്നതിനും സ്ഥിരാവകാശം പ്രയത്നം ചെയ്യുന്ന കുടിയാനുണ്ടായിരിക്കുന്നതിനുമാണെല്ലൊ വെവ്വാട്ടക്കുടിയാൻ ബില്ലുകൊണ്ടു ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതു്. ഈ യഥാർത്ഥ തത്വത്തെ ഇപ്പോഴത്തെ അമൻറുമെൻറു ബിൽ നിഷേധിക്കുകയാണു ചെയ്യുന്നതു്.

അടുത്ത കാലത്തു നടപ്പിൽ വരുത്തീട്ടുള്ള ഒരു നിയമത്തിനുവേണ്ടിയാണു് ഈ അമൻറുമെൻറുകൊണ്ടു വന്നിട്ടുള്ളതു്. ഇതിന്നിടെ ഈ തരത്തിൽ ഒരമൻറുമെൻറിന്റെ ആവശ്യം വന്നിട്ടുണ്ടോ എന്നു അന്വേഷണം നടത്തീട്ടില്ല. ഇങ്ങിനെ ഒരമൻറുമെൻറിന്റെ ആവശ്യം നേരിട്ടിട്ടുള്ളതായി എന്റെ അനുഭവത്തിലില്ല. കേസ്സുകൾ കുറഞ്ഞുവരുന്ന ഈ കാലത്തു ഈ അമൻറുമെൻറു കൊണ്ടുവന്നു പാസ്സാക്കി കുറെ വ്യവഹാരങ്ങൾ വളിപ്പിച്ചു കുറെ അനാവശ്യനഷ്ടങ്ങൾ കുടിയാന്മാക്കുണ്ടാക്കണം എന്നുള്ളതല്ലാതെ ഈ അമൻറുമെൻറുകൊണ്ടു വേറെ ഒരു ഗുണവും ഇല്ലെന്നു അഭിപ്രായക്കാരനാണു ഞാൻ.

അതുകൊണ്ടു കുടിയാന്മാക്കു അനാവശ്യനഷ്ടങ്ങൾ വരുത്താതെ ഇരിക്കാൻവേണ്ടിയെങ്കിലും ഈ അമൻറുമെൻറു സെലക്ടുകമ്മറ്റിക്കു അയക്കണമെന്നുള്ള ഗവണ്മെണ്ടിനോടു അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ടു സർ, വെവ്വാട്ടക്കുടിയാനു സ്ഥിരാവകാശം കൊടുക്കണമെന്നുള്ള വാദം ഈ നിയമസഭയിൽ ഇന്നും ഇന്നലേയും ഉണ്ടായിട്ടുള്ളതല്ല. നാലാമത്തെ നിയമസഭയിൽ ഒരു വെവ്വാട്ടക്കുടിയാൻ ബിൽ ഇവിടെഅവതരിപ്പിക്കുകയുണ്ടായി. എന്നാൽ ആ വെവ്വാട്ടക്കുടിയാൻ ബില്ലിനെ സംബന്ധിച്ചുള്ള സെലക്ട്കമ്മറ്റി റിപ്പോർട്ട് കിട്ടിക്കഴിഞ്ഞിട്ടു്. "ഇങ്ങിനിവരാതവണ്ണം തെക്കോട്ടുപോയീടിനാർ" എന്നവണ്ണം പിന്നെ കണ്ടിട്ടില്ല.അതിന്നുശേഷമാണു കഴിഞ്ഞ നിയമസഭയിൽ, തീപ്പെട്ട മഹാരാജാവു തിരുമനസ്സുകൊണ്ടു വെവ്വാട്ടക്കുടിയാനു സ്ഥിരാവകാശം കൊടുക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു ബിൽ അവതരിപ്പിച്ചതു്. അതവതരിപ്പിച്ച സമയത്തു അന്നദ്യോഗസ്ഥ സാമാജികന്മാരിൽനിന്നുപലരും അയച്ചിട്ടുണ്ടായിരുന്ന ഒരു ഭേദഗതിതന്നെയാണു ഇന്നു കൊണ്ടുവന്നിരിക്കുന്നു ഈ ഭേദഗതിയും. അന്നു് ആ ഭേദഗതിയെക്കുറിച്ചു പറഞ്ഞിരുന്നതു ഇന്നു ഈ ബിൽ പാസ്സായതിന്നുശേഷം ജന്മികളിൽനിന്നു കുടിയാനു വല്ല ബുദ്ധിമുട്ടുകളുമുണ്ടാകുന്നുണ്ടെങ്കിൽ അപ്പോഴും വേണ്ടതു ചെയ്യാം'—എന്നു പറഞ്ഞിരുന്നതു അന്നു സരിച്ചാണു അന്നു ആ ഭേദഗതി പിൻവലിച്ചതു്. ൯൦ ദിവസംകൊണ്ടു പാട്ടം കൊടുത്തില്ലെങ്കിൽ വസ്തു ഒഴിപ്പിക്കാമെന്നു വ്യവസ്ഥയുള്ളതുകൊണ്ടു ആ കാരണത്തിന്മേൽ ജന്മികൾ വസ്തുക്കൾ ഒഴിപ്പിച്ചു തുടങ്ങി. നിശ്ചിത ദിവസത്തിൽ പാട്ടം കൊടുക്കുവാൻ കഴിഞ്ഞില്ലെന്നുള്ളതു പലപ്രകാരത്തിൽ വരാം. ഒരുപ്പു നിലങ്ങളിൽ ആ തവണ നെല്ലു കാലദോഷംകൊണ്ടു കിട്ടിയില്ലെങ്കിൽ അതിന്നു പകരം പണം കൊടുത്താൽ ജന്മി മേടിക്കുക ഇല്ല. മണിഓർഡർ അയച്ചാൽ മേടിക്കുക ഇല്ല. ഉടനെ ഭൂമി ഒഴിപ്പിക്കാനായി കേസ്സുകൊടുക്കുകതന്നെയാണുചെയ്യുക. ഇങ്ങിനെ അനവധി ബുദ്ധിമുട്ടുകൾ കുടിയാനുണ്ടായതുകൊണ്ടാണു് അന്നദ്യോഗസ്ഥ സാമാജികന്മാർ ഇങ്ങിനെ ഒരു ഭേദഗതി കൊണ്ടുവരുവാനിടയായിട്ടുള്ളതു്. കുടിയാനു സംഖ്യ ജന്മിക്കു കൊടുക്കേണ്ട എന്നുണ്ടെങ്കിൽ പണമായികൊടുത്താൽ മേടിക്കയില്ലെങ്കിൽ മണി ഓർഡറായി പിന്നീടു അയയ്ക്കുകയില്ലായിരുന്നു. ഇങ്ങിനെ സംഖ്യ കൊടുത്തിട്ടു മേടിക്കാതെ ഇരിക്കുന്ന പല സംഭവങ്ങളുമുണ്ടു്. മണിഓർഡർ മടക്കി അയച്ച അനവധി സംഭവങ്ങൾ എനിക്കറിയാം. അതുപോലെ കോടതിയിൽ കെട്ടിവെച്ചാലും മേടിക്കാ

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

തെ ഇരിക്കുന്നുണ്ട്". യുദ്ധകാലപരിതഃസ്ഥിതികൊണ്ട് നെല്ലിന്റെ വില കൂടിയപ്പോൾ ഈ ഭൂമികളൊക്കെ മടക്കി എടുക്കണമെന്നാണ് ജന്മികളുടെ ഉദ്ദേശം. എന്നാൽ ഈ ഭൂമികളൊന്നും അവരുടെ സമ്പാദ്യമല്ല, പരശുരാമൻ ദാനം കൊടുത്തിട്ടുള്ളതുമല്ല. അനക്ഷരകക്ഷികളായിരുന്ന ആളുകളെ അടിച്ചമർത്തി തട്ടിയെടുത്തിട്ടുള്ളതാണ് ഈ ഭൂമികളും. പിന്നെ സൌജന്യമായും കരമൊഴിവായും കുറെ ഗവർമ്മെൻറിൽനിന്നും മറ്റും കിട്ടിട്ടുണ്ട്. അങ്ങിനെ കിട്ടീട്ടുള്ള ആ ഭൂമികളും വെറും തരിശായി കിടന്നിരുന്നതു പാവങ്ങളും കൃഷിചെയ്തു മനോഹരങ്ങളായ പൂന്തോട്ടങ്ങളാക്കിയപ്പോൾ അതു തിരിച്ചു കിട്ടണമെന്നു വാദിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരിൽതന്നെ ചിലർ തരിശായി കിടന്നിരുന്നഭൂമികളും ഇതുപോലെ നന്നായികഴിഞ്ഞപ്പോൾ ഒഴിപ്പിച്ചെടുത്ത കഥ എനിക്കറിയാം. ഇപ്പോൾതന്നെ ചില ജന്മികളും നെല്ലിന്നുപകരം പണം കൊടുക്കാതെ വസ്തു ഒഴിയുന്നതിന്നായി കേസുകൊടുക്കാൻ ഒരുങ്ങി ഇരിക്കുന്നുണ്ടെന്നു എനിക്കറിയാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: കേസു കൊടുത്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കേസ്സുകളുണ്ടാക്കാനായി അവസരം നോക്കിയിരിക്കുന്ന ചില ജന്മികളാണ ഇന്നുള്ളതു്. എന്നല്ല, കുറച്ചുകാലം മുമ്പു ഈ വെമ്പാട്ടക്കുടിയാൻ ബില്ലുണ്ടാക്കാൻ കാരണക്കാരനായ മഹാജാരാവു തിരുമനസ്സിനെ അതിന്നായി നിബ്ബന്ധിക്കാൻ കാരണക്കാരനായ ഒരു ജന്മി അദ്ദേഹത്തിന്റെ ശേഷക്കാരനായ ഒരാൾ വക്കീലായിവന്നപ്പോൾ അദ്ദേഹത്തിനു കേസ്സു കൊടുക്കാനായി കുറെ കേസുകൾ കോടതിയിൽ കൊണ്ടുപോയികൊടുത്തു. കുടിയാൻ ബുദ്ധിമുട്ടി വസ്തു നന്നാക്കികൊണ്ടുവരുന്നതു ജന്മിയെ തൃപ്തിപ്പെടുത്താൻ മാത്രമല്ല. ജന്മിക്കു കൊടുത്തതിനുശേഷമുള്ള വിളവുകളെടുത്താണു അതു സാധുക്കൾ കഴിയുന്നതു്. ആ ആഗ്രഹത്തോടുകൂടി പ്രയത്നിച്ചു ഭൂമി നന്നായി എന്തെങ്കിലും ഫലം കിട്ടാറാകുന്നസമയം പ്രയത്നിച്ചവനു ഒന്നും കൊടുക്കാതെ അതു കവർന്നെടുക്കാനുള്ള സൂത്രമാണു ജന്മികൾ കാണിക്കുക. ഇന്നു ജന്മിമെംബർ ഇവിടെ കാണിച്ചുതരത്തിലുള്ള ഒരു ഭയത്തിനു ഇതിൽ അവകാശമില്ല. പാട്ടം ആ സമയത്തിനു കൊടുത്തില്ലെങ്കിൽ കേസുകൊടുക്കാൻ തുടങ്ങുന്നതു ൻ 0 ദിവസത്തിനകം കൊടുക്കണം എന്നു ഇതിൽ പറഞ്ഞിട്ടുള്ളതുകൊണ്ടാണു". കേസുകൊടുത്താൽ കോട്ട്വഴികിട്ടുന്നതു നാളികേരവും നെല്ലും ഒന്നുമല്ല. സംഖ്യയാണു". ആ സംഖ്യ കേസിനുപോകുന്നതിനു മുമ്പുതന്നെ കൊടുക്കുമ്പോൾ മേടിക്കുമോ? അപ്പോൾ ജന്മിയുടെ ഉദ്ദേശം സംഖ്യ കിട്ടണമെന്നല്ല വസ്തു നന്നാകുമ്പോൾ ഏതെങ്കിലും മുടന്തൻ ന്യായങ്ങൾ പറഞ്ഞു അതുതട്ടി എടുക്കണമെന്നാണു". ഇതിനെ സംബന്ധിച്ചു കോട്ടിലെ കേസുകൾതന്നെ സാക്ഷ്യം വഹിക്കും. ഈ വെമ്പാട്ടക്കുടിയാൻ ബിൽ പാസ്സായതിനുശേഷം അതിനെ കുറിച്ചുള്ള മുറവിളി പിഞ്ഞുഹൃദയങ്ങളിൽ നിന്നിതുവരെയുണ്ടാകാതെ ഇരുന്നിട്ടില്ലെന്നതാണു എനിക്കു പറയാനുള്ളതു്. അത്രയുമാത്രം വിഷമം ഈ ജന്മികളിൽ നിന്നുണ്ടാകുന്നുണ്ടു്. നെല്ലു കൊടുക്കേണ്ടതു വിളവുണ്ടായില്ലെങ്കിലും നെല്ലായിതന്നെ കൊടുക്കണം, പണമായികൊടുത്താൽ പോരാ എന്നു പറഞ്ഞാണു ഇപ്പോൾ വസ്തുക്കൾ ഒഴിപ്പിക്കാൻ കേസുകൊടുക്കുന്നതു്.

മിസ്റ്റർ ജോസ് കെ. വട്ടിപ്പുസ്സ്: കുടിയാനു നെല്ലു ബ്ലാക്കുമാർക്കറ്റിൽ കൂടുതൽ വിലയ്ക്കു വിറ്റുകൂടേ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഉണ്ടായിട്ടു വേണ്ടേ ബ്ലാക്കു് മാർക്കറ്റിൽ വില്ക്കാൻ. കഞ്ഞികുടിക്കാൻ തന്നെ നിവൃത്തിഇല്ല. പിന്നെയാണു ബ്ലാക്കു് മാർക്കറ്റിൽ വില്ക്കുന്നതു്.

മിസ്റ്റർ ജോസ് കെ. വട്ടിപ്പുസ്സ്: ജന്മിയുടെ ഭോഗം കൊടുക്കാതെ അതു ബ്ലാക്കു് മാർക്കറ്റിൽ വിറ്റു കൂടുതൽ പണമുണ്ടാക്കരുതോ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നെല്ലുണ്ടെങ്കിൽ ജന്മിക്കു കൊടുക്കാതെയിരിക്കുകയില്ല. നെല്ലുണ്ടായില്ലെങ്കിലേ രൂപ ആയിട്ടു കൊടുക്കുന്നുള്ളു. അതു ജന്മി മേടിക്കാതെ ഇരിക്കുകയാണു". പാട്ടം കൊടുക്കാനുള്ളതു രൂപ ആയിട്ടു കൊടുത്താൽ മതി എന്ന വ്യവസ്ഥ ചെയ്താൽ മതി. പാട്ടം ജന്മി മേടിച്ചില്ലെങ്കിൽ കോർട്ടിൽ കെട്ടിയാൽ മതി എന്നു വന്നാൽ യാതൊരു കുടിയാനും പാട്ടം ബാക്കിവെയ്ക്കുക ഇല്ല.

ബഹുമാനപ്പെട്ട ജന്മി മെമ്പർ ഈ നിയമം പാസ്സായാൽ കൊച്ചിരാജ്യം കിഴവനച്ചാലിലേയ്ക്കോ മറ്റൊരു ഒലിച്ചുപോകുമെന്നോ മറ്റൊരു ഭയപ്പെടുന്നു. അദ്ദേഹം എന്തിനു ഭയപ്പെടുന്നു. നെല്ലിന്നു പകരം രൂപകൊടുക്കുന്നുണ്ടു്. നെല്ലുണ്ടായില്ലെങ്കിൽ പിന്നെ എവിടെനിന്നാണു നെല്ലുതന്നെ കൊടുക്കുന്നതു്. ഇതിനു ഒരു നിവാരണമുണ്ടാക്കണമെന്നല്ലാതെ ഇ

LIBRARY ARCHIVES Kerala Legislative Assembly

തിൽ ജന്മിക്കു് യേപ്പെടാനൊന്നുമില്ല. ഭൂമി ഒഴിച്ചു മേടിക്കണമെന്നില്ലെങ്കിൽ പിന്നെ ക്രൂപയായിട്ടു മേടിച്ചാൽ പോരെ.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: ജന്മിയുടെ വീട്ടിലുള്ള ആളുകൾക്കു ഉണ്ണാണ്ടെ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ജന്മിതന്നെ നേരിട്ടു കൃഷിചെയ്യിട്ടു അതു പിഴച്ചു പോയാൽ ജന്മി എന്തു ചെയ്യും? പിന്നെ കൃഷിചെന്നയുതു ജന്മി ഒന്നുമല്ല, അതു കുടിയാനെക്കൊണ്ടുതന്നെ ചെയ്യിക്കും, പക്ഷെ കാലദോഷംകൊണ്ടു നശിച്ചാലെന്താചെയ്യുക. കൃഷി പിഴച്ചുപോകുകയാണെങ്കിൽ ഒരു കുടിയാനും നെല്ലായി പാട്ടം കൊടുക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടു ഈ നിയമസഭ ഇതു പാസ്സാക്കിയാൽ ജന്മിക്കു കൊടുക്കാനുള്ള നെല്ലു നെല്ലായിട്ടു കൊടുക്കണമെന്നുള്ളതു മാറ്റി പണമായിട്ടു കൊടുത്താലും മതി എന്നുവരും; മേലാൽ ജന്മിയും കുടിയാനും തമ്മിൽ അനാവശ്യമായ കേസുകളുണ്ടാകാതെ സൌഹാർദ്ദത്തോടുകൂടി ജീവിക്കുത്തക്ക ഒരു പരിതഃസ്ഥിതി ഉണ്ടാക്കാനാണു ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നതു്. അപൂർവ്വം ചിലർ ഒഴിച്ചു ബാക്കി എല്ലാപേരും ഇതിനെ അനുകൂലിക്കുന്നുണ്ടു്. ഞാൻ ഇതു പാസ്സാക്കാൻ അപേക്ഷിച്ചുകൊണ്ടു അവസാനിപ്പിക്കുന്നു.

* റാവുസാഹിബ് കെ. അയ്യപ്പൻ: ഞാൻ ഈ ബില്ലിനെ ബലമായി പിൻതാങ്ങുന്നു. ജന്മിഭോഗത്തു നിന്നു വന്ന എതുപ്പിനെ ശരിയായി പരിശോധിച്ചു നോക്കിയാൽ അതു് ശരിയായ എതുപ്പാണെന്നു് പറയാൻ പാടില്ല. ബഹുമാനപ്പെട്ട ജന്മിമെമ്പർ പറഞ്ഞു, ഒന്നുകിൽ ഈ ജന്മികളെയെല്ലാം വെളിയിൽ പിടിച്ചു തള്ളുക. അല്ലെങ്കിൽ ഈ ഭൂമിയെല്ലാം ഗവർമ്മെണ്ടു് നേരിട്ടു് ഏറ്റുക്കുക എന്നു്. അതു് next Step ആണു്. അതു് രണ്ടും ഗവർമ്മെണ്ടു് ചെയ്യും. ആ ആഗ്രഹം വളരെ താമസിയാതെ സാധിക്കും. അതാണു് ഇനിവരാൻപോകുന്നതു്. അതു് ഒരു സാമ്രാജ്യത്തിൽ നടക്കാമെന്നുണ്ടെങ്കിൽ ചെറിയ കൊച്ചിരാജ്യത്തിൽ നടക്കാൻ വിഷമമുണ്ടോ? ഇംഗ്ലണ്ടിൽ അവിടത്തെ ഭൂമികൾ ഏറ്റുക്കുക എന്നുള്ള നിലവരാൻ പോകുന്നുണ്ടു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ജന്മിമെമ്പരോടു് പറയാനുള്ളതു്, Compensation ഓർക്കുടിയൊ അല്ലയൊ എന്നുള്ളതാണു് ആലോചിക്കുവാനുള്ളതു്. സോഷ്യലിസ്റ്റു് ഗവർമ്മെണ്ടാണു് വരാൻപോകുന്നതെങ്കിൽ Compensation കിട്ടും. കമ്മ്യൂണിസ്റ്റു് ഗവർമ്മെണ്ടാണെങ്കിൽ അതും കിട്ടുകയില്ല. നമ്മൾ ആ നില ഇപ്പോൾ നോക്കണ്ട. ഇപ്പോഴത്തെ വ്യവസ്ഥകളിൽത്തന്നെ നിന്നുകൊണ്ടു് കർഷകർക്കു് ഗുണം ചെയ്യാനുള്ള ഒരു ബില്ലാണു് ഇതു്. ആബില്ലു് കർഷകരേയും ജന്മിയേയും എങ്ങിനെ ബാധിക്കുമെന്നാണു് നോക്കുന്നതു്. പാട്ടത്തുക കോർട്ടിൽ കെട്ടിവെച്ചാൽ എവിക്ഷൻ അനുവദിക്കരുതു് എന്നു പറഞ്ഞാൽ അതു് ഏതുനിലക്കാണു് യോജ്യമെന്നാണു് നമ്മൾ നോക്കേണ്ടതു്. ശരിക്കു് arrears വന്നാൽ അതു് കൊടുക്കുന്നില്ലെങ്കിൽ പിന്നെ Eviction അനുവദിയ്ക്കുകാണു്. പാട്ടം കൊടുക്കാകിരിക്കാൻ നിവൃത്തിയില്ല. പിന്നെ നീട്ടിക്കൊണ്ടുപോകാമെന്നേയുള്ളു. ഇങ്ങിനെ നീട്ടികൊണ്ടുപോകുന്നതിലുള്ള ഗുണത്തെക്കുറിച്ചാണു് ചിന്തിക്കേണ്ടതു്. പാട്ടം കൊടുക്കാതെയിരുന്നാൽ വാസ്തവത്തിൽ Eviction വരുകയും ചെയ്യും. പാട്ടക്കാരിൽ നൂറുക്കു് തൊണ്ണൂറൊമ്പതും കയ്യിൽ പണമുണ്ടെങ്കിൽ കേസ്സുണ്ടാകുന്നിടയാക്കാതെ അതാതു് സമയത്തു് തന്നെ കൊടുക്കും. വല്ലകാരണവശാലും തല്ക്കാലം കൊടുക്കാൻ സാദ്ധ്യമല്ലാതെ വന്നാൽ കൊടുത്തിട്ടും കൊടുത്തതായി വരാത്തെയിരുന്നാൽ മാത്രമേ ഈ കേസ്സുണ്ടാകുന്നുള്ളു. ഒരിക്കലും കൊടുക്കരുതു്, ജന്മിയെ വിഷമിപ്പിക്കണം താൻ നശിച്ചാലും വേണ്ടില്ല ജന്മിയും നശിക്കട്ടെ എന്ന മനസ്ഥിതിയുള്ള ചില പാട്ടക്കാരും ഉണ്ടു്. എന്നാൽ അങ്ങിനെയുള്ളവർ അധികമില്ല. അവരെ ഉദ്ദേശിച്ചുള്ള ഈ നിയമം നല്ലതൊ ചീത്തയൊ എന്നു് നോക്കേണ്ടതു്. ജന്മിയും കുടിയാനും തമ്മിലുള്ളനിലയെ വെച്ചുകൊണ്ടുവേണം നമ്മൾ അതിനെക്കുറിച്ചാലോചിക്കാൻ. ജന്മിക്കു് പാട്ടംകൊടുത്താൽ രശീതി പിന്നെത്തരാമെന്നു് ജന്മി പറയുകയാണെങ്കിൽ, പോര, ഇപ്പോൾത്തന്നെ വേണമെന്നു് പറയത്തക്ക ഒരു നിലയിലല്ല ഇപ്പോൾ കുടിയാനും ജന്മിയും തമ്മിലുള്ള ബന്ധം. ജന്മിയുടെ ആനുകൂല്യംകൊണ്ടു് കുടിയാനു് പലഗുണങ്ങളും ഉണ്ടാകാനുണ്ടു്. നിയമപ്രകാരം എന്തൊക്കെയായാലും ജന്മിയോടു് സ്വരച്ചേർച്ചയോടുകൂടി കഴിയാതെ പാട്ടക്കാർക്കു് സാദ്ധ്യമല്ല. അതുകൊണ്ടുപാട്ടം കൊടുക്കുമ്പോൾ രശീതികൊടുത്തില്ലെങ്കിൽ നിബ്ബന്ധിക്കാൻ തരമില്ല, ഞാൻ ദൃഷ്ടാന്തംവെച്ചുകൊണ്ടാണു് ഇതു് പറയുന്നതു്. ഒരു പ്രധാനപ്പെട്ട ജന്മിക്കു് പാട്ടം കൊണ്ടുപോയികൊടുത്തപ്പോൾ രശീതികൊടുക്കാ

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

തെ ഒടുവിൽ Eviction Suit കൊടുത്തതായി എനിക്കറിയാം. ഇതു് പാസ്സായാൽ യാതൊരു കഴപ്പവും വരാനില്ല. ഇപ്പോൾ ഈ നിയമം ഇല്ലാത്തതുകൊണ്ടു് വളരെ ദോഷംവരുന്നുണ്ടു്. ഈ ബിൽകൊണ്ടുവന്നപ്പോൾ സ്ഥിരാവകാശം സ്വാതന്ത്ര്യത്തോടുകൂടി കിട്ടാൻ കഴിയുന്ന ഒരു നിയമമാണു് വേണ്ടതെങ്കിലും, ആ നില തല്ക്കാലം വന്നില്ലെങ്കിലും ഇപ്പോൾ ഇങ്ങിനെയെങ്കിലും ഒന്നുനടക്കട്ടെ എന്നു് വിചാരിച്ചാണു് അന്നു് ഈ ബിൽ പാസ്സാക്കിട്ടുള്ളതു്. അതിനുശേഷമാണു് ഇപ്പോൾ ഈ ഭേദഗതിവന്നതു്. ഇനിയും ഇതുപോലെ ഭേദഗതികൾ വരും. ഇങ്ങിനെയുള്ള മാറ്റങ്ങൾ വരുത്തുന്നതിനു ശ്രമിക്കുമ്പോൾ അതു് അനുകൂലിക്കുന്നതിനു് ഗവർമ്മെണ്ടിനു് ലജ്ജയില്ലെ, നാണമില്ലെ, എന്നൊക്കെ ചോദിച്ചാൽ, വാസ്തവത്തിൽ അങ്ങിനെയുള്ള ചോദ്യംവരാൻതന്നെ കാരണം ഗവർമ്മെണ്ടു് ഈ ജന്മികളെ അനുകൂലിച്ചുകൊണ്ടു് കൂടിയാന്മാക്കുവേണ്ടി ഇത്തരം നിയമങ്ങൾ പാസ്സാക്കാതെ ഇരുന്നതു് തന്നെയാണു് കാരണം. അല്ലെങ്കിൽ ഗവർമ്മെണ്ടു് ഇങ്ങിനെയുള്ള നിയമങ്ങൾ മുമ്പുതന്നെ പാസ്സാക്കുമായിരുന്നു. ഇപ്പോൾ കൂടിയാന്റെ കായ്ക്കളിൽക്കൂടി ശ്രദ്ധയുള്ള മെമ്പർമാർ വന്നപ്പോളാണു് ഇങ്ങിനെയുള്ള നിയമങ്ങൾകൊണ്ടുവരാൻ ഇടങ്ങിയിരിക്കുന്നതു്.

പിന്നൊപറഞ്ഞു, ഈ നിയമംകൊണ്ടുവന്ന ആൾക്കു് സ്വത്തുണ്ടൊ, നിലമുണ്ടൊ, പറമ്പുണ്ടൊ എന്നൊക്കെ. എന്നാൽ ഈവക നിയമങ്ങൾ ഉണ്ടാക്കാൻ പണമൊ, സ്വത്തൊ അല്ല, ബുദ്ധിയാണാവശ്യം. ജന്മികളെ ഇതിനെസംബന്ധിച്ച നിയമങ്ങൾ ഉണ്ടാക്കാൻ ഏല്പിച്ചാൽ ഉണ്ടാകുന്ന സ്ഥിതി എന്താണു്. മനുസ്മൃതിയും, സംസ്കൃതശ്ലോകങ്ങളും, മിതാക്ഷരനിയമവും മറ്റും കൊണ്ടുവന്നാൽ ഇത്തരം നിയമങ്ങളുടെ കായ്ക്കുന്നതിൽ വല്ല പ്രയോജനവുമുണ്ടൊ എന്നു് ഞാൻ ചോദിക്കുന്നു. ആ കാലം എല്ലാംപോയി. പണമുള്ളവർക്കുമാത്രമേ അഭിപ്രായംപറയാൻ പാടുള്ളൂ എന്നുണ്ടൊ. എന്നെ സംബന്ധിച്ചാണെങ്കിൽ എനിക്കു് ഒരു തുണ്ടു ഭൂമിയില്ല. അതുകൊണ്ടു് എനിക്കു് അഭിപ്രായംപറയാൻ പാടില്ലെ? ഇതെന്തക്രമം, എന്തനീതി? പണക്കാരുടെ തലച്ചോറിലല്ല ലോകത്തിലുള്ള നിയമനിർമ്മാണങ്ങളൊക്കെ വളർന്നിട്ടുള്ളതു്. പണക്കാരിലും തലച്ചോറുള്ളവർ ഇല്ലെന്നുപറയുന്നില്ല. ഏതായാലും ഈ നിയമം ഇവിടെ പാസ്സാകുകതന്നെചെയ്യും. ഈ ബിൽതന്നെ ഞങ്ങൾ എത്രയൊ ഒക്കെ വെട്ടിക്കുഴഞ്ഞതിനുശേഷമാണു് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഗവർമ്മെണ്ടിനിഷ്പ്രയാസത്തുകൊണ്ടു് ഞങ്ങൾ വിട്ടുവീഴ്ചക്കുവേണ്ടി പലഭാഗങ്ങളും കളഞ്ഞതിനുശേഷമാണു് ഞങ്ങൾ ഈ ബിൽകൊണ്ടുവന്നിട്ടുള്ളതു്. ഇങ്ങിനെ ജന്മികൾക്കുവേണ്ടി ശക്തിയായിവാദിച്ചു് അവർക്കുവേണ്ടുന്നതൊക്കെ ചെയ്യുവെച്ച ഗവർമ്മെണ്ടിനു് ഇപ്പോൾകിട്ടിയ സമ്മാനം എന്താണെന്നറിഞ്ഞിട്ടില്ലെ. ഇന്നു് കേട്ടപോലെയുള്ള ഭയങ്കരമായ ശകാരം ഇതിനുമുമ്പു് കിട്ടീട്ടുണ്ടൊ എന്നു് ഞാൻ ഗവർമ്മെണ്ടിനോടു് ചോദിക്കുന്നു. ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കിക്കൊള്ളുക. ഏതായാലും ഇനിയും ഇതൊക്കെവെച്ചുകൊണ്ടിരിക്കാൻ നിവൃത്തിയില്ല. ഗവർമ്മെണ്ടിനു് ഇനിയെങ്കിലും ഞങ്ങളുടെഭാഗം ചേരുകയാണു് നല്ലതു്. ഞങ്ങളല്ലെ ഭൂരിപക്ഷം. അതുകൊണ്ടു് ഏതായാലും ഈ ഭൂരിപക്ഷത്തെതന്നെ അനുകൂലിക്കുകയാണു് നല്ലതെന്നാണു് എന്റെ അഭിപ്രായം. ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. ഐ. വേലായുധൻ : സർ, വാസ്തവത്തിൽ ഈ വെറുമ്പാട്ടകൂടിയാൻ ബിൽ പാസ്സായതിനുശേഷം കൂടിയാനു സഹായമല്ല ദ്രോഹമാണുണ്ടായിട്ടുള്ളതു്. ഈ ബിൽ പാസ്സായതിനുശേഷം അനവധി വെറുമ്പാട്ടക്കാരെ ജന്മികൾ പലവിധത്തിലും ഒഴിപ്പിച്ചിട്ടുണ്ടു്. ഇന്നു് രജിസ്ട്രാപ്പീസ്സിൽ നോക്കിയാൽ അനവധി പങ്കുവാരം രജിസ്റ്റു് ചെയ്യിട്ടുള്ളതായും ചെയ്യുവരുന്നതുമായും കാണാൻ സാധിക്കും. ഈ പ്രവൃത്തികൾ ഈ ബിൽ പാസ്സായതിനുശേഷമാണുണ്ടായിട്ടുള്ളതു് എന്നു റിക്കാർട്ടുകൾതന്നെ ലക്ഷ്യം വഹിക്കുന്നുണ്ടു്. എല്ലാ പങ്കുവാരങ്ങളും രജിസ്റ്റു് ചെയ്യുവെന്നു വരികയില്ല. ചിലതെല്ലാം വെള്ളക്കടലാസ്സിൽ എഴുതി വെക്കുകയാണു് ചെയ്തിട്ടുള്ളതു്. വാസ്തവത്തിൽ നിലത്തിൽ ജന്മികൾ വേല ഒന്നും ചെയ്യുക പതിവില്ല. ഈ കൂടിയാൻതന്നെയാണു് കഷ്ടപ്പെട്ടു് അഹോരാത്രം രക്തം വെള്ളമാക്കി വേല എടുക്കുന്നതു്. ജന്മി ഈ പങ്കുവാരംകൊണ്ടു വന്നിട്ടുള്ളതു കൂടിയാനെ തോല്പിക്കാൻവേണ്ടിയാണെന്നുള്ളതു ഒരു പച്ചപരമാർത്ഥം മാത്രമാണു്. അവരെ ഒഴിപ്പിക്കാനും അവരുടെ പ്രയത്നത്തിന്റെ പൂർണ്ണ ഫലം അനുഭവിക്കാനുമുള്ള ഒരു വിദ്യയാണതു്. അതുപോലെതന്നെ ജന്മിക്കു പാട്ടം കൊടുത്താൽ രസീതു കൊടുക്കുകയില്ല. കൂടിയാൻ ചോദിക്കുന്നതു് ജന്മിതാത്തോടുള്ള ഒരു എതിർപ്പായിട്ടാണു് കണക്കാക്കുക പാട്ടംകൊണ്ടുചെന്നാൽ വളരെ സമയം കാത്തുനില്ക്കണം. കായ്സ്ഥന്റെ സേവ ഇല്ലെങ്കിൽ എഴുത്തിൽ പോരാൻ സാദ്ധ്യമല്ല. അവിടെയുള്ള പറയാണെങ്കിൽ ഗവർമ്മെണ്ടു് നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ് പറ ഒന്നും അല്ല.

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുചെല്ലുന്ന നെല്ല് ഉണക്കി ചേറ്റി ചവിട്ടി അമർത്തി അളന്നുനോക്കുമ്പോൾ ഒ ാ പറ കുടിയാൻ കൊണ്ടുചെന്നാൽ ഒ ാ പറ തന്നെ ഉണ്ടാകയില്ല. ഇങ്ങിനെയുള്ള അക്രമങ്ങളാണ് ജന്മികൾ കുടിയാന്മാരെ ചൂഷണം ചെയ്യുവാൻ ചെയ്യുവരുന്നത്.

കറിബിൽ വരുന്നതിനുമുമ്പ് ഇതുപോലെയുള്ള ചില അക്രമങ്ങൾ കറിയുടമസ്ഥന്മാർ കറിക്കാരുടെ നേരെ നടത്തിയിരുന്നു. കറിയിൽചേർന്നു കിട്ടിയവർ കറിവെയ്ക്കാതെ മുടക്കുവരുത്തിയാൽ, ഒരു കറിനശിക്ഷയെന്നപോലെ, യാതൊരു ദയാദാക്ഷിണ്യവും കൂടാതെ അവർ ഈടു എഴുതികൊടുത്തിട്ടുള്ള വസ്തു മുഴുവൻ കറി നടത്തിപ്പുകാർ തട്ടിഎടുത്തു കറിനറുക്കാരനെ നാടുഗർത്തിലേയ്ക്കു തള്ളിയിടും. അതോടുകൂടി അയാളുടെ ജീവിതവും പാഴായി. ആ നിലമാറിയതു കറി ബിൽ പാസ്സായതിനുശേഷമാണ്. അങ്ങിനെ കറിബിൽകൊണ്ടു സാധുക്കളെ രക്ഷിച്ചതുപോലെയുള്ള ഒരു രക്ഷയാണ് ഈ വെറുമ്പാട്ടകുടിയാൻ ഭേദഗതി ബിൽ കൊണ്ടു കുടിയാന്മാർക്കു കിട്ടേണ്ടതെന്നു ഞാനാഗ്രഹിക്കുന്നതു. പാട്ടം കൊടുത്താൽപോലും രസീതു കൊടുക്കാതെ ഒടുവിൽ കേസുകൊടുത്തു കുടിയാന്മാരെ ഒഴിപ്പിക്കുക എന്ന ആ കഷ്ടതരമായ അവസ്ഥയിൽനിന്നു കുടിയാന്മാരെ രക്ഷിക്കാനാണ് ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു. പാട്ടഭൂമികൾ വളരെക്കാലം മുമ്പു മുതൽക്കുതന്നെ കുടിയാന്റെ കൈവശം കിട്ടിട്ടുള്ളതു കുടിയാൻ സ്വാർത്ഥം ലേശംകൂടാതെ ഭൂമി നന്നാകണം എന്നുള്ള സദുദ്ദേശത്തോടുകൂടിയാണ് പാട്ടഭൂമിയിൽ പ്രവൃത്തിക്കുന്നതും വിളവിറക്കുന്നതും. അന്നു ആ ഭൂമിയിൽ യാതൊരു ഫലവും വളവും ഉണ്ടായിരുന്നിരിക്കയില്ല. അതിൽ തലമുറതലമുറയായി പ്രയത്നിച്ചിട്ടാണ് ഇന്നു കാണുന്നവിധത്തിലുള്ള ഈ വിളഭൂമിയായിത്തീർന്നിട്ടുള്ളതു. അപ്പോൾ കുടിയാനെ ഒഴിപ്പിക്കാൻ തുടങ്ങുന്നതു കഷ്ടവും കടപ്പുമാണ്.

അതുകൊണ്ട് ഈ ജന്മികൾ പറയുന്നതിനെ ഗവമ്മെണ്ടു വകവെയ്ക്കാതെ, ജന്മികളുടെ കള്ളത്തരങ്ങളേയും ചൂഷണസമ്പ്രദായങ്ങളേയും നല്ലപോലെ മനസ്സിലാക്കി സാധു കുടിയാന്മാരെ രക്ഷിക്കാൻ തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Mr. M. Sivarama Menon *'Advocate-General):* The strenuous opposition to the provisions of this Amending Bill raised by the Hon'ble Member now representing the Jenmies compels me to explain to this House the reasons which actuated the Government in accepting the Bill as it has emerged out of the Select Committee. The Bill in its original form had some objectionable features. The Select Committee to which the Bill was referred, very carefully considered the several aspects of the Bill. The interests of the tenant as well as of the Jenmi were adequately and forcefully represented in the proceedings of the Committee. The Government always tried to reconcile the conflicting interests between the landlord and the tenant and attempted to get the provisions so modified as to justify acceptance of the modified provisions by Government. It is not correct to say that Government have, in any way, prejudiced the interests either of the tenant or of the landlord in adopting this course. I shall now proceed to show that Government have taken a right view in accepting the provisions of this Bill.

The first amendment relates to the remission of proportionate pattam if any portion of the Verumpattam holding is destroyed by causes beyond the control of the tenant. Kanam tenants are now entitled to a remission under certain conditions. The attempt of the mover of this Bill has been to vouchsafe to the Verumpattam tenant the same rights. The Committee have granted this relief under certain well-defined limitations. The portion of the holding destroyed or rendered unfit must form a material part of the holding. It has also been laid down that the portion so destroyed or rendered unfit must be unconditionally surrendered by the tenant to the lessor before he can claim a remission. These two reasonable safeguards are sufficient to protect the interests of both parties. Under these limitations no one can defeat the other. Government found no objection in accepting this position.

The next amendment relates to the question as to whether the period of time within which the tenant is bound to pay the current pattam should be taken away and the provisions of section 111 of the Cochin Transfer of Property Act should be substituted thereby giving an opportunity to the tenant to get his default in payment of rent condoned by the court on deposit of the full amount of arrears and costs. I have been feeling that the period of three months allowed for payment of current pattam serves the interests of the tenant better than the introduction of this provision relating to condonation of default. But experience has shown that it is better to fall into line with section 111 of the Cochin Transfer of Property Act than stick on to the finality intended by the fixation of a period of three months for payment of current pattam. If a default is committed after this period, the tenant loses the property for ever. No doubt the tenant should have paid the dues in time. But there may be intervening circumstances where on account

LIBRARY ARCHIVES Kerala Legislative Assembly

of legitimate and bonafide reasons the tenant may not have been able to pay the dues in time. There is no possibility of saving such tenants from the rigour of the law of forfeiture under the existing provisions. Even the court has no power to relieve him against the forfeiture. It was pressed to my notice that illiterate persons who are absolute dependants of certain landlords may not be able to insist upon the grant of a receipt when pattam is measured out in kind. If an unscrupulous landlord wishes to take advantage of the position of such a tenant, he can rely upon the non-existence of a voucher to get him evicted out of the property. There may be bonafide disputes between the landlord and the tenant regarding the manner in which the pattam in kind is measured. Such disputes may arise even on the last day when pattam has to be completely discharged. Disputes of this kind though not very many are not uncommon. The result will be that even honest tenants may at times have to suffer at the hands of a landlord who some how or other wishes to get actual possession of the property. The enactment of the Cochin Verumpattamdars Act produced in the minds of the landlords a feeling that they have lost their property. There arose psychological instinct to get actual possession of the property after this enactment. The statistics collected by Government have shown that eviction suits have been filed even where the arrears have been very trifling. I have in my mind certain suits instituted after 19th Chingam 1119 for eviction on the ground that the tenant has left trifling arrears. I am informed that there is a case of eviction on the ground that the tenant has left a balance of 4 annas. I am also informed that this might have been even due to a wrong calculation of the amount due. In the Trichur Munsiff's Court eviction has been sought on the ground that the tenant has left an arrear of Re. 1—8—0. In the Chittur Munsiff's Court there are cases where the arrears are only Rs. 2—8—0 and even Re. 1—10—6. In the Vadakkancheri Munsiff's Court, suits for eviction have been instituted for arrears of Re. 1—0—11 and even for a petty sum of annas 10. I know of a case where the tenant was threatened with a notice of eviction for failure to pay some bundles of straw although the full amount of pattam had been paid up by that tenant. I need not multiply instances of this kind further. The net result is that the stringent provision regarding the law of forfeiture of the tenancy in cases of default to pay pattam within three months is at any rate working hardship in some cases. The answer to question No. 70 of the Budget Session of 1119 will show that between the 19th of Chingam 1119 and 30th of Edavam 1119 as many as 522 eviction suits had been filed. Though most of them are on very justifiable grounds, I am only concerned with the question as to whether there has been a deliberate attempt on the part of the landlord to take advantage of defaults which are trifling and about which no reasonable man would have taken umbrage. Government are satisfied that to avoid injustices as far as possible, it is better to fall back upon section 111 of the Cochin Transfer of Property Act in substitution of the stringent three months' period provided for in the Act. The Cochin Transfer of Property Act has been in force in this State from 1112. It is modelled on the British Indian Act. Section 111 of the Cochin Transfer of Property Act is exactly on the lines of the British Indian provision. Nobody has ever agitated for a repeal or modification of this provision that exists in the Cochin Act. It is the law that is in vogue in British India as a whole. What Government is now doing is only to allow the incorporation of that section in the Cochin Verumpattamdars Act. I do not think that a provision which has stood the test of time in British India and which was adopted in Cochin can now be objected to by the landlords on the ground that a special Act has been enacted in Cochin relating to Verumpattamdars. There is nothing new in this amendment. The novelty was really in regard to the existing provisions in the Act. I confess that the discussions in the Select Committee upon this aspect convinced me beyond doubt that without prejudice to the interests of the landlord this provision can be safely introduced in substitution of the exising provision to serve the interests of honest tenants who will not have to incur forfeiture for unavoidable reasons. In this connection I wish to sound a note of warning to the Hon'ble Member for Jenmies. Old times are changing. New ideals are on foot. And a Government which does not take note of the trend of changing time is not worthy to be called a progressive Government. Government have after mature consideration taken the view that this amendment is justified by circumstances that have transpired after the enactment of the Cochin Verumpattamdars Act.

As the main Act now stands, Puravaka Dues form part of what is called pattam. There are documents in which pattam is payable on a particular day and where Puravaka dues are payable on other dates. The Puravaka dues may be of 2 or 3 jack fruits or a few cocoanuts or a few cocoanut leaves or some bundles of straw and the like. The due dates in such cases will be equated to the seasons when the Puravaka dues can be conveniently given. It is considered by Government that failure to pay the Puravaka dues in time should not result

LIBRARY ARCHIVES Kerala Legislative Assembly

in a forfeiture of the tenancy. Therefore the second amendment also makes provision for taking away the right of the landlord to institute a suit for eviction on the ground that default has been committed in the payment of Puravaka dues alone.

The next amendment relates to the place of payment of the pattam payable in money or in kind. There is no complaint with regard to the place where rent in money has to be paid but it is pointed out that the restriction that the payment in kind must be at the residence or the granary of the lessor within the village is in derogation of the existing provision in the Cochin Tenancy Act. It is true so far as the statement goes. But the question is whether in the case of a Verumpattam holding for which large quantities of paddy have to be measured out in kind to the lessor, there should not be a place within the village, itself where the holding is situate where the paddy is to be measured out, or whether if the contract between a landlord residing at Ernakulam with lands in Chittur is that the tenant shall measure out the paddy grown in Chittur at Ernakulam is to be maintained in tact. There is no doubt a contract in this case. But it is considered very hard that the tenant should be compelled to convey the paddy from within the village where the holding is situate to places beyond the village to effectively discharge his liability to pay the pattam in kind. In the case of kanam holdings this may not work great prejudice. It must be very easy for the landlord to fix a place within the village at which he would collect the rent. The inconvenience of transporting to long distances by the tenant is not justified. Therefore the amendment seeks to compel the landlord to receive the rent in kind at his residence or granary in the village or at such place within the village as may be specified by the lessor by notice given to the tenant. This amendment is not so vital as to attract the unequivocal condemnation made by the Hon'ble Member for Jenmies.

The other amendments contained in this Bill are on the lines of the existing provisions in the Cochin Tenancy Act and they relate to the compelling duty to give receipts, to the burden of proof in cases where receipts do not contain the necessary particulars and to the right of the lessee to send the rent by Money Order where the lessor refuses or neglects to grant a receipt. These are non-controversial provisions and I need not dialate upon them.

When these amendments are looked at with a reasonable eye I do not think that there is anything in them to justify such a wild attack as has been made by the Hon'ble Member for Jenmies. Government have taken the step after mature consideration. It does not prejudice the reasonable rights of the Jenmies. It tends to cure certain evils to which bona fide tenants have been subjected to. There is no encroachment upon the rights of anybody. The Hon'ble Member for Jenmies doubted whether there is a Government in Cochin and alternatively whether there is a strong Government in Cochin. I need only say that a strong Government alone could have appreciated these points of view and taken courage to accept the provisions of this Bill because strength lies in courage and the fact that Government have accepted this amending Bill is the strongest proof of the existence of a strong Government in Cochin. This Bill is not revolutionary. It is an ordinary piece of legislation giving reasonable relief where it is legitimately due. I therefore hope that this House will accept the amending Bill in the form in which it has emerged out of the Select Committee and in the form in which it is at present before you.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഇംഗ്ലീഷിലായാലും, മലയാളത്തിലായാലും രണ്ടു വാചകംകൊണ്ടു് നിവ്വഹിക്കാൻ സാധിക്കുന്ന ഒരു കാര്യമാണെനിക്കു ഇപ്പോൾ ചെയ്യുവാനുള്ളതു്. വളരെ കാര്യങ്ങൾ വാദപ്രതിവാദംചെയ്ത സമയം കളയേണ്ടതില്ലെന്നാണു് ഞാൻ വിചാരിക്കുന്നതു്. ഒരു വീക്ഷണകോണിൽകൂടി നോക്കുമ്പോൾ വ്യസനിക്കേണ്ടതായ ഒരു ദിവസമല്ലയോ ഇന്നു എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മറൊരു വീക്ഷണകോണിൽകൂടി നോക്കുമ്പോൾ എന്റെ ജീവിതത്തിൽ ഈ ദിവസം ഒരു സുദിനമെന്നു കൂറിക്കുവാൻ വിരോധമില്ലെന്നും തോന്നുന്നുണ്ടു്. ഇന്നു് ഞാൻ കൈക്കൊണ്ട വഴിയെപ്പറ്റി ലവലേശവും വ്യസനിക്കുന്നില്ല. പിന്നെ വ്യക്തിപരമായ ചില സംഗതികളെക്കുറിച്ചു പറയുവാൻ എനിക്കു ഇടതന്നതായ ചില സംഭാഷണങ്ങൾ ഇവിടെയുണ്ടായിട്ടുണ്ടു്. അതിനു് മറുപടി പറയുന്നതു് എനിക്കുദ്ദേശമല്ലാ. വേറെവകുപ്പു ഞാൻ സംസംരിക്കുന്ന ശബ്ദം കൊച്ചിരാജ്യത്തിന്റെ നീതിസ്ഥാനത്തു എത്തി ഓരോ ചെവികളിലും മാറ്റൊലിക്കൊള്ളണമെന്ന ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ബില്ലു് മൂന്നാംവായനക്കവതരിപ്പിച്ചു പ്രസംഗിച്ചതു്. കൊച്ചിരാജ്യത്തിന്റെ നട്ടെല്ലായ കൃഷിവലന്മാരുടെ യാതനകളെപ്പറ്റി ഞാൻ ഇംഗ്ലീഷിൽ പറഞ്ഞതു് എന്റെ ബഹുമാന്യസ്നേഹിതന്മാരിൽ ചിലർ മനസ്സിലാക്കിയില്ലെങ്കിൽ അതെന്റെ കുറ്റമല്ല. അതു മനസ്സിലാക്കേണ്ടവർ മനസ്സിലാക്കീട്ടുണ്ടു്. അതിന്റെ ഫലം ഉണ്ടായിക്കഴിക്കയും ചെയ്തിട്ടുണ്ടു്. ഈ നിലയിൽ എത്തിച്ചേരുവാൻവേണ്ടി പ്രാർത്ഥനയിൽ വിശ്വാസമു

LIBRARY ARCHIVES Kerala Legislative Assembly

ള്ള ഓരോരുത്തരും ഈ കാര്യം നേരെയാകാൻ പ്രാത്ഥിക്കണം. വെമ്പാട്ടക്കുടിയാന്മാർൽ ഓരോരുത്തരുടേയും യാതനകളെപ്പറ്റിയുള്ള ഒരു സമാഹാരം ഞാൻ തരുന്നതിനെ മനസ്സിലാക്കി നിങ്ങൾ അതു് സ്വീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. എന്റെ ബഹുമാന്യസ്നേഹിതനായ കണയന്നൂർ ഇഴവമെമ്പർ കൈകൊണ്ടു് കാണിച്ചു എന്നെ മനസ്സിലാക്കി അദ്ദേഹം ഇതിൽ പെടുകയില്ലെന്നു്. അദ്ദേഹം ഉദ്ദേശിക്കുന്ന കാര്യത്തിൽ തന്റെ ആത്മാർത്ഥമായ അഭിപ്രായം തുറന്നുപറയാൻ അദ്ദേഹത്തിനു മടിയില്ല. ഞാൻ പറഞ്ഞതൊക്കെ അദ്ദേഹത്തിനു മനസ്സിലായിട്ടുണ്ടു്.

ഞാൻ രാവിലെ ചൂണ്ടികാണിച്ച ഭേദഗതി തള്ളിയാലും അതിന്റെ ഫലം കിട്ടണമെന്നു് പ്രാത്ഥിക്കുന്നവനാണു് ഞാൻ. ഇതിനെ എതുത്ത ആളുകൾ ധാരളമുണ്ടു്. അവക്കുള്ള മറുപടി ശക്തിയായി മറ്റൊരവസരത്തിൽ ഗവമ്മെണ്ടു് ഭാഗത്തുനിന്നതന്നെ കൊടുത്തിട്ടുണ്ടു്. ഗവമ്മെണ്ടിനു അതിനുള്ള കഴിവുണ്ടെന്നു് പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടു്. എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട ജന്മിപ്രതിനിധിയുടെ പ്രസംഗവേളയിൽ ഞാൻ സഭാഹാളിലുണ്ടായിരുന്നില്ലെങ്കിലും അദ്ദേഹത്തിന്റെ പുറകിൽനിന്നു് ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. ജന്മികളേയും കുടിയാന്മാരേയും സംബന്ധിക്കുന്ന നിയമം ആദ്യമായുണ്ടായതു് മദ്രാസ്സിൽവെച്ചു് തീപ്പെട്ട മഹാരാജാവു തിരുമനസ്സിലെ കാലത്താണു്. ൯ ൦-ലെ രണ്ടാം റഗുലേഷനെന്നു പറയുന്ന കാണക്കുടിയാൻ റഗുലേഷനാണതു്. അന്നു ആ നിയമംകൊണ്ടു വരുവാൻ ശ്രമിച്ചപ്പോൾ അതു തള്ളിക്കളയുവാൻ സ്ഥാപിത താല്പര്യക്കാരായ ജന്മികൾ ചെയ്ത പ്രവൃത്തിയെപ്പറ്റി മിക്കവക്കുമറിയാം. അതുപോലെയാണു് ഇന്നത്തെ ജന്മിപ്രതിനിധിയും ചെയ്യുന്നതു്. ഇദ്ദേഹത്തിന്റെ പ്രസംഗം ഏതെങ്കിലും പത്രപ്രതിനിധി ബുദ്ധിപൂർവ്വം കേട്ടിരുന്നുവെങ്കിൽ തീച്ചയായും അദ്ദേഹം പ്രതിനിധീകരിക്കുന്ന പത്രത്തിൽ വലിയ വെണ്ടക്കയിൽ "ജന്മിപ്രതിനിധിയുടെ ഭീഷണി"യെന്ന തലക്കെട്ടിൽ അദ്ദേഹത്തിന്റെ പ്രസംഗത്തെപ്പറ്റി റിപ്പോർട്ട് ചെയ്യുകയില്ലയോ എന്നു ഞാൻ സംശയിക്കുന്നു. ചെയ്യേണ്ടതാണെന്നാണു് എന്റെ പക്ഷം. അപ്രകാരം ചെയ്യുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. ൯ ൦-ലെ രണ്ടാം റഗുലേഷൻ കൊണ്ടുവന്ന അന്നത്തെ മഹാരാജാവു് തിരുമനസ്സിലെ മനോഭാവം, തന്റെ പ്രജകൾക്കു് കരുത്തുമായ രക്ഷ കിട്ടണമെന്നുള്ളതായിരുന്നു. ആ നിയമത്തെ എതുക്കാനായി ജന്മികൾ അതിനെതിരായി ശക്തിയുക്തം വാദിക്കുന്നതിനുവേണ്ടി മദിരാശിയിൽനിന്നു അഭിഭാഷകപ്രമുഖന്മാരെ എറണാകുളത്തു കൊണ്ടുവന്നു ഒരു ഹൈസ്കൂളിനടത്താൻതന്നെ ഒരുങ്ങിയ ജന്മികളുടെ അന്നത്തെ പ്രവൃത്തിയെ ഭീഷണിയെന്നല്ലാതെ മറ്റെന്താണു് പറയുക. നമ്പൂതിരി സമുദായത്തിന്റെ നടനായകമായ കുറൂർ ഉണ്ണിനമ്പൂതിരിയുടെ നേതൃത്വത്തിൽ അന്നത്തെ മഹാരാജാവു് തിരുമേനിയുടെ മുമ്പിൽ നിവേദനം ചെയ്തുവെങ്കിലും അദ്ദേഹം പുഞ്ചിരിയോടുകൂടി അതെല്ലാം കേട്ടു് തന്റെ പ്രജകളുടെ രക്ഷക്കുവേണ്ടി നടത്താൻ ദൃഢനിശ്ചയയോടുകൂടി തീച്ചയാക്കിയിരുന്ന നിയമത്തെ നടപ്പിൽ വരുത്തുകതന്നെ ചെയ്തു. അതു് രാജരാജസ്ഥാനത്തിന്റെ ചൈതന്യംകൊണ്ടാണു്. ആ ചൈതന്യം ഇന്നും നിലവിലുണ്ടു് എന്നു് ജന്മിപ്രതിനിധി ഓർക്കുന്നതു നന്നായിരിക്കും. വേറെ വകുപ്പു് ഇന്നത്തെ ജന്മിപ്രതിനിധി ഈ ബില്ലിനെ എതുക്കുന്നതിനിടയിൽ വ്യക്തിപരമായി വളരെ ആക്ഷേപിച്ചു. ഞാൻ അത്രത്തോളം താഴ്ന്നുപോകാൻ ഒരുക്കമില്ല. പിന്നെ അദ്ദേഹം കാനേഷുമാരിക്കണക്കെടുത്തു രണ്ടു മൂന്നു സമുദായത്തിന്റെ ജനസംഖ്യയെടുത്തുകാണിച്ചു. ഇതു കേട്ടപ്പോൾ പുതുതായി രംഗപ്രവേശംചെയ്യുന്ന വക്കീലന്മാർ കോടതിയിൽ ചെയ്യുന്ന പ്രസംഗംപോലെയാണു് എനിക്കു തോന്നിയതു്. അദ്ദേഹം പറഞ്ഞതിന്റെ മറുവശമാലോചിച്ചുനോക്കുക. ഈ ൧൫ ലക്ഷം ജനങ്ങളിൽ അദ്ദേഹം പറഞ്ഞ ജനസംഖ്യ കഴിച്ചു മറ്റുള്ളവർ ഏതുഭാഗക്കാരാണു്? ജനസംഖ്യയുടെ വ൫ ശതമാനം കൊച്ചിരാജ്യത്തിന്റെ നട്ടെല്ലായ കർഷകരാണു്. പരേതനായ ടി. കെ. ശങ്കരമേനോൻ രാജ്യം മുഴുവൻ ചുറ്റിസഞ്ചരിച്ചു് ഗ്രാമീണരുടെ യഥാർത്ഥസ്ഥിതി കണ്ടറിഞ്ഞു എഴുതിയിട്ടുള്ള എകണാമിക് സർവ്വെ റിപ്പോർട്ടിൽ നാട്ടുമുറുക്കുളിലെ സങ്കടാവസ്ഥയെ ശരിയായി വിവരിച്ചിട്ടുണ്ടു്. ആ സങ്കടാവസ്ഥയാണു് ഞങ്ങളിൽ ചിലർ ഇവിടെവന്നു നിവേദനം ചെയ്യുന്നതു്. ഇതു മനസ്സിലാക്കി ഗവമ്മെണ്ടു് ഇതിനു് പരിഹാരമുണ്ടാക്കണം. ൧൯൫൩-ലെ ഇന്ത്യാഗവൺമെണ്ടു് ആക്ടു് നടപ്പായശേഷം ബങ്കാളിൽ സെമിന്താരി സമ്പ്രദായത്തെ ഉൻമൂലനം ചെയ്യുന്നതായ ഒരു ബിൽ അവിടത്തെ അസംബ്ലിയിൽ കൊണ്ടുചെന്നു. അതിന്റെ ഫലമെന്തായിയെന്നറിഞ്ഞുകൂടാ. ഇതുപോലുള്ള ഒരു ബില്ലായിരുന്നു അതു്. കണയന്നൂർ മെമ്പർ അവർകളുടെ പ്രസംഗത്തിൽ സോഷ്യലിസത്തേയും, കമ്മ്യൂണിസത്തേയും മറ്റും പറഞ്ഞുപറഞ്ഞു. സോഷ്യലിസ

LIBRARY ARCHIVES Kerala Legislative Assembly

മാണെങ്കിൽ ജന്മികൾ അവരുടേതെന്നു പറയുന്ന വസ്തുക്കൾക്കു് കാശുകിട്ടും. കമ്മ്യൂണിസമാണെങ്കിൽ കാശുകൂടി കിട്ടുകയില്ല. ഉള്ളതു് എല്ലാവക്കുംകൂടി വീതിച്ചുകൊടുക്കും. ഇന്നത്തെ ജന്മിപ്രതിനിധി ഉൾക്കൊള്ളുന്ന സമുദായത്തിലെ ഒരംഗമായ മിസ്റ്റർ ഇ. എം. എസ്സിന്റെ ഭരണരീതി വരുമ്പോൾ ഈ ജന്മികളെ ആരേയും കാണുകയില്ല. ഭൂമിയുടമസ്ഥന്മാർ എന്തെല്ലാം പറഞ്ഞാലും, ഞങ്ങൾക്കു് കൃഷീവലന്മാരുടേയും, മറ്റു പട്ടിണിക്കാരുടേയും കാര്യങ്ങൾ പറയാതിരിക്കാൻ നിവൃത്തിയില്ല. ഞാൻ ഗവൺമെണ്ടിനോടാണു് പറയുന്നതു്. നിങ്ങൾ നിങ്ങളുടെ ദൃഷ്ടി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വേണ്ടാ കൊച്ചിരാജ്യത്തിന്റെ നാലതിരുകൾക്കുള്ളിലേക്കു എങ്കിലും ഒന്നു ഓടിച്ചുനോക്കുക. അങ്ങിനെ നോക്കി ആളുകൾ എങ്ങിനെയാണിരിക്കുന്നതു് എന്നു മനസ്സിലാക്കി സോഷ്യലിസത്തിനുവേണ്ടി വേലചെയ്യണമെന്നു എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ അയ്യപ്പൻ പറഞ്ഞ ഉപദേശത്തെ അദ്ദേഹം നിങ്ങളുടെ ഉപദേശകനാണെന്നു വിശ്വാസത്തോടുകൂടി സ്വീകരിച്ചു് അതു് നടപ്പിൽ വരുത്താൻ ഒരുങ്ങണമെന്നുള്ള സംഗതി പറയാൻ ഒരു അവസരം കിട്ടിയതിൽ ഞാൻ സന്തോഷിക്കുന്നു. അങ്ങിനെ ചെയ്യണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

കൊച്ചിരാജ്യത്തെ ഗസറ്റിൽ പറഞ്ഞിട്ടുള്ള സംഗതികൾ നോക്കിവേണം നാട്ടുപുറങ്ങളിലും മറ്റും കർഷകർക്കു് അവരുടെ സംഗതികളെപ്പറ്റി പറഞ്ഞിട്ടുള്ള നിയമങ്ങൾ മനസ്സിലാക്കാൻ. ഈ ഗസറ്റുതന്നെ താമസിച്ചാണു് കിട്ടുന്നതു്. അതിൽ ചിലപ്പോഴെല്ലാം ഭൂമിലേലത്തിനുവെച്ചിരിക്കുന്ന പരസ്യം കാണാം. ആ തിയ്യതി കഴിഞ്ഞിട്ടായിരിക്കും ഭൂമിയുടമസ്ഥന്മാർ ചിലപ്പോൾ ഗസറ്റിൽനിന്നു ഈ വിവരമറിയുന്നതു്. നികുതിബാക്കിക്കു് ഭൂമി ലേലത്തിനു വിൽക്കുന്ന വർത്തമാനം അപ്പോഴായിരിക്കും ഉടമസ്ഥനറിയുക. പക്ഷെ ജന്മികളുടെ കാര്യം വരുമ്പോൾ ഈ നിയമത്തിനു വേറെയാണർത്ഥം. അതു കണ്ണിന്റെ ദൃഷ്ടിമാണു്. ഏതായാലും നികുതിബാക്കിക്കു ഭൂമി വിൽക്കുന്ന സമ്പ്രദായം മാറണം. ബുദ്ധിപൂർവ്വമായി ആലോചിച്ചു് അതിനെ മാറ്റിയില്ലെങ്കിൽ വലിയ അപകടമാകും. ജന്മികൾക്കു് ഉപദ്രവകരമല്ലാത്ത കാര്യങ്ങളേ ഞങ്ങൾ ഇവിടെ കൊണ്ടുവന്നിട്ടുള്ളൂ. ഞങ്ങൾക്കു ഗുണമുള്ളതുമാണു്. അതുപോലെ ഞങ്ങൾക്കുപദ്രവമില്ലാത്തതും നിങ്ങൾക്കു ഗുണമുള്ളതുമായ കാര്യങ്ങൾ നിങ്ങൾ ഇവിടെ കൊണ്ടുവന്നാൽ ഞാൻ അതിനെ പിന്താങ്ങാൻ തയ്യാറാണു്. പിന്നെ, കരാർ ലംഘനത്തെപ്പറ്റി ജന്മി പ്രതിനിധി പറഞ്ഞു. അതിനു് ഗവൺമെണ്ടുഭാഗത്തു നിന്നുതന്നെ മറുപടി പറഞ്ഞു. നിലവിലുള്ള നിയമത്തെ മാറ്റി ആ സ്ഥാനത്തു പുതിയതായ ഒരു നിയമംകൊണ്ടുവരുന്നതാണിതു്. പക്ഷെ ജന്മി പ്രതിനിധി അതു് സമ്മതിക്കുന്നില്ല. ഇതുമൂലം അദ്ദേഹത്തിനു് അപാരമായ വേദനയാണുണ്ടായിട്ടുള്ളതു്. ഏറ്റവുപറഞ്ഞാൽ സ്ത്രീകൾക്കു് ഏറ്റവും അപായകരമാണെന്നു സയുക്തം വിശ്വസിക്കാവുന്ന ഒരു കാലഘട്ടമുണ്ടല്ലൊ. അന്നുള്ള യാതനയേക്കാൾ വലിയ, വലിയ യാതനയാണു് അദ്ദേഹം അനുഭവിക്കേണ്ടിവന്നതു്.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: ഇതു് ഒരു വാക്കുകൊണ്ടു് പറയാമായിരുന്നല്ലോ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഒരു വാക്കുകൊണ്ടു് പറഞ്ഞാൽ അതിനു് ശക്തിയില്ല. ദീർഘമായ വാക്കുകളെക്കൊണ്ടു് പറഞ്ഞാലെ അതിന്റെ ശക്തി മുഴവൻ കിട്ടുകയുള്ളൂ.

റാവുസാഹിബു് കെ. അയ്യപ്പൻ: കഴിഞ്ഞതവണ ഈ ബിൽ തള്ളിപ്പോയതു് എങ്ങിനെയാണെന്നു മെമ്പർക്കു് ഓർമ്മയുണ്ടോ?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: എന്റെ പ്രസംഗത്തിന്റെ മാധുരികൊണ്ടോ, ദീർഘതകൊണ്ടോ, അല്ലെങ്കിൽ സ്ഥാനത്തില്ലാത്തതും, പ്രസംഗസമയത്തു ഉറക്കംതൂക്കിക്കൊണ്ടിരിക്കുന്നതുമായ മെമ്പന്മാരുടെ സാമർത്ഥ്യംകൊണ്ടാണു് ആ ബിൽ പോയതു്. ജന്മികൾക്കെതിരായ ഒരു പ്രവൃത്തിയാണു് ഞങ്ങൾ ചെയ്യുന്നതു്, എന്നു ഒരു അന്ധവിശ്വാസമുണ്ടു്. ഈ മുറവിളിക്കു പ്രായശ്ചിത്തം വേണോ? പക്ഷെ, ഇതിനൊരു നിവൃത്തി കിട്ടുമെങ്കിൽ പ്രായശ്ചിത്തംകൂടി ചെയ്യാം. പിന്നെ ഇരിക്കുന്ന വീടു് ഒരു കാരണത്തിന്മേലും ഒഴിപ്പിക്കരുതു്. കൂടിക്കാൻ കഞ്ഞിയുണ്ടാകുന്നതിനു് മുമ്പു് ഇരിക്കാൻ ഇരിപ്പടമല്ലേ ആദ്യം വേണ്ടതു്. അതു് യുക്തമായിട്ടുള്ളതാണെന്നു ഗവൺമെണ്ടു് മെമ്പർതന്നെ പറഞ്ഞു. ഈ അമൻഡുമെന്റിനെപ്പറ്റി ഗവൺമെണ്ടിന്റെ മനോഭാവമെന്താണെന്നു അവരുടെ മുഖഭാവങ്ങളിൽനിന്നുതന്നെ ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. ഇപ്പോഴത്തെ നിലകൊണ്ടു് നൂറുപേക്കു് ദോഷമുണ്ടെങ്കിൽ അതു നൂറുപേക്കു് ആക്കി കൂറക്കാൻ സാധിക്കുന്ന ഒരു മനോഭാവം ഗവർമ്മെണ്ടു് കൈക്കൊള്ളണം.

നമ്മുടെ ജന്മി പ്രതിനിധി നാളെ അദ്ദേഹത്തിനു ഒരു ശ്രാദ്ധമായതുകൊണ്ടു് ഇന്നു പോയ

LIBRARY ARCHIVES Kerala Legislative Assembly

താങ്ക്. നാളെ വരുമെന്നാണ് പറഞ്ഞിട്ടുള്ളത്. വരികയില്ലെങ്കിൽ നമുക്ക് പിടിച്ചുകൊണ്ടുവരാം അദ്ദേഹത്തിന്റെ കാര്യത്തെപ്പറ്റി പ്രസംഗംചെയ്യാൻ അദ്ദേഹത്തിനുള്ള പാടവം ചില്ലറയല്ല. പ്രസംഗം കേൾക്കുമ്പോൾ ആരുടേയും ശിരസ്സു കുലുങ്ങിപ്പോകും. മലയാളം നിശ്ചയമില്ലാത്ത സായ്പുകൂടി അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ തലയാട്ടി വിറിക്കുകയുണ്ടായി. തിരുമേനി നാളെ വരുകയില്ലെങ്കിൽ അദ്ദേഹത്തെ നമുക്ക് പിടിച്ചുകൊണ്ടുവരണം. ഇത്ര സരസമായി പ്രസംഗിക്കാൻ അദ്ദേഹത്തിനല്ലാതെ മറ്റാർക്കും സാദ്ധ്യമല്ല.

Mr. Deputy President: The Hon'ble Member has taken more than half-an-hour.

Mr. P. Kumaran Ezhuthassan *(Vadakkancheri):* It is a well known piece of legislation. Out of my respect to your place, I will finish off in 2 minutes.

അദ്ദേഹം അസ്വസ്ഥം തറക്കുന്ന വേദനയോടുകൂടിയാണ് ഇതിനെപ്പറ്റി സംസാരിച്ചത്. വാസ്തവത്തിൽ ഇതു അദ്ദേഹത്തിൽ അസ്വസ്ഥം തറപ്പിക്കുകയല്ല ഉണ്ടായതു്. ഇതിൽനിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗമാണ് അദ്ദേഹം നോക്കുന്നതു്. കുടിയാന്മാരില്ലെങ്കിൽ ജന്മികളുണ്ടാകുമോ? കുടിയാന്മാരിലാണ് രാജ്യത്തിന്റെ അഭിവൃദ്ധിയെന്നു വിശ്വസിക്കുന്നവർ ഇവിടെയുള്ളതുകൊണ്ട് പ്രത്യേകിച്ചു പ്രജാമണ്ഡലം കക്ഷി ഇവിടെയുള്ളതുകൊണ്ട് കുടിയാന്മാരുടെ കാര്യം ഇവിടെ പറയും. ഗവൺമെണ്ടിന്റെ മനോഭാവത്തിന്റെ വ്യത്യാസമനുസരിച്ച് അതു കേൾക്കുകയും ചെയ്യും.

പിന്നെ പങ്കു പാട്ടത്തെപ്പറ്റി, നാളെ വരാൻപോകുന്ന ബില്ലിനെപ്പറ്റി ഇന്നതന്നെ പറയാൻ തുടങ്ങി. ഇപ്പോഴെ അവർക്കു ആ കാര്യത്തിൽ പരിഭ്രമം തുടങ്ങി. ഇതൊക്കെ പറയാൻ എനിക്കു ഇത്രയും സമയമനുവദിച്ചതിൽ ഞാൻ നന്ദിപറയുന്നു. ഈ കാര്യത്തിൽ നിങ്ങൾ പ്രാർത്ഥന ചെയ്യേണ്ടതാണെന്നുള്ള അപേക്ഷ യോടുകൂടി ഞാൻ വിരമിച്ചു കൊള്ളുന്നു.

Motion put and carried

2. The Cochin Verumpattamdars Act (Amendment) Bill

Mr. A. Eachara Menon *(Chittur-Tattamangalam):* I request the Chair to postpone consideration of my amendment Bill to the next meeting.

Mr. Deputy President: I will refer the matter for the leave of the House.

Motion put and carried

Non-official Resolutions

5. Lease of Purambokes to depressed class people *(contd.)*

* മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ട് സർ, ഭക്ഷ്യോല്പാദനപദ്ധതിയനുസരിച്ച് കൃഷിചെയ്യുവാൻ കൊടുത്തിട്ടുള്ള പുറംപോക്കു സ്ഥലങ്ങളുടെ കാലാവധി കഴിയുമ്പോൾ കിടക്കുവാൻ ഇടമില്ലാതെ കഷ്ടപ്പെടുന്ന സാധുക്കളും യഥാർത്ഥ കർഷകരുമായ അധഃകൃതർക്ക് മുൻഗണന കൊടുക്കണമെന്നുള്ള ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനു എനിക്കു അതിയായ സന്തോഷമുണ്ട്. ഇതു് ഏറ്റവും നിസ്സാരമായ കാര്യം നഷ്ടമില്ലാത്തതും, ആരുടേയും മുതലിൽനിന്നു എടുത്തു കൊടുക്കേണമെന്നു ആവശ്യപ്പെടാത്തതുമായ ഒരു സംഗതിയാണ്. ഗവൺമെണ്ടുവക പുറമ്പോക്കു സ്ഥലങ്ങൾ, പ്രയത്നം ചെയ്യുവാനും, താമസിക്കുവാൻ തീരെ സ്ഥലമില്ലാത്തതുമായ അധഃകൃതർക്കു, അതു വിഭജിക്കുന്ന സമയത്തു ഏറ്റവും പരിമിതമായ ഒരു ആവശ്യം മാത്രമാണ് ഈ പ്രമേയംകൊണ്ടു ആവശ്യപ്പെടുന്നതു. ഇതിനു ഈ നിയമസഭയിൽ ആരും തന്നെ വിരോധം പറയുമെന്നുള്ള ബോദ്ധ്യം എനിക്കില്ല. പുറംപോക്കു സ്ഥലങ്ങൾ പതിച്ചു കൊടുക്കുന്നതിൽ എനിക്കു പ്രത്യേകമായി ഒരു കാര്യം ഗവൺമെണ്ടിനെ ചൂണ്ടി കാണിക്കേണ്ടതുണ്ട്. ഏതെങ്കിലും ഭൂമി ഉടമസ്ഥനാരുടെ സ്ഥലത്തിനടുത്തുകിടക്കുന്ന പുറമ്പോക്കു സ്ഥലമുണ്ടെങ്കിൽ അതു ആ ഭൂമി ഉടമസ്ഥനുതന്നെ പതിച്ചുകൊടുക്കേണമെന്നുള്ള ഒരു വ്യവസ്ഥ നമ്മുടെ ലാൻഡ് റവന്യൂ മാനുവലിലുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തി, വളരെ അധികം ഏക്കർ ഭൂമി കൈവശമുള്ള ഒരു ഭൂമി ഉടമസ്ഥനായാലും ശരി ഇരിക്കുവാൻ ഇടമില്ലാതെ കഷ്ടപ്പെടുന്ന കർഷകനു് അതിന്റെ അടുത്തു കിടക്കുന്ന പുറമ്പോക്കു സ്ഥലം പതിച്ചു കിട്ടണമെന്നു ആവശ്യപ്പെട്ടാൽ അതു കൊടുക്കാതിരിക്കുന്നതായ ഒരു നയം പുലർത്തുവാനുള്ള ചില നിയമങ്ങൾ നമ്മുടെ ഗവൺമെണ്ടിനുണ്ട്. ആയവക നിയമങ്ങളെല്ലാം ഇനി ഒന്നു മാറാതെ നിലനിൽക്കുന്നതായിട്ടുള്ളതാണ്.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly